بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 6 | ലക്കം 7

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഫെബ്രുവരി 18/ഹി.ശം. 1400 തബ്ലീഗ് 18/1442 ജമാദുൽ റജബ് 05

## അല്ലാഹുവിന്റെ വചനം

اِنۡ تُبۡدُوۡا خَیۡرًا اَوۡ تُخۡفُوۡہُ

اَوۡ تَعۡفُوۡا عَنۡ سُوۡٓءٍ

فَاِنَّ اللّٰہَ کَانَ عَفُوًّا قَدِیۡرًا ○

(النساء:150)

‘നിങ്ങൾ ഒരു നല്ല കാര്യം വെളിപ്പെടുത്തുകയോ അത് മറച്ചുവെക്കുകയോ ഒരു തെറ്റിനു നിങ്ങൾ മാപ്പു ചെയ്യുകയോ ചെയ്താൽ നിശ്ചയമായും അല്ലാഹു വളരെയധികം മാപ്പു ചെയ്യുന്നവനും സർവ ശക്തനുമാകുന്നു.’ (4:150)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### യാത്രയിൽ ജംഅ് പിന്തിച്ച് നമസ്കരിക്കൽ

(1091) ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉമർ (റ) നിവേദനം. നബി(സ)വേഗം എത്തേണ്ട യാത്രയിലാണെങ്കിലും മഗ്രിബ് നമസ്കാരം (ഇശാ നമസ്കാരത്തിലേക്ക്) പിന്തിക്കും. എന്നിട്ട് മഗ്രിബും ഇശായും ജംഅ് ആക്കി നമസ്കരിക്കും. സാലിം പറയുന്നു: അബ്ദുല്ലാ ധിറുതിയുള്ള യാത്രയിൽ അപ്രകാരം ചെയ്യാറുണ്ട്.

### യാത്രാവാഹനത്തിൽ നഫ്ൽ നമസ്കരിക്കൽ

(1093) ഹദ്റത്ത് ആമിർ ബിൻ റബീഅ(റ) നിവേദനം. അദ്ദേഹം പറയുന്നു: വാഹനം തിരിഞ്ഞു നില്ക്കുന്ന ഭാഗത്തേക്ക് അഭിമുഖമായിക്കൊണ്ട് നബി(സ) വാഹനപ്പുറത്തു വച്ച് നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

### നമസ്കാരത്തിന് വാഹനത്തിൽ നിന്നിറങ്ങുമായിരുന്നു

(1097) ഹദ്റത്ത് ആമിർ ബിൻ റബീഅ (റ) നിവേദനം. ഒട്ടകം ഏതുഭാഗത്തേക്ക് തിരിഞ്ഞു നില്ക്കുകയാണെങ്കിലും ആ ഭാഗത്തേക്ക് അഭിമുഖീകരിച്ച് തന്റെ ശിരസ്സുകൊണ്ട് ആംഗ്യം കാണിച്ച് നബി(സ) നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ, ഫർള് നമസ്കാരത്തിൽ അപ്രകാരം ചെയ്യാറില്ല.(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബു തഖ്സ്വീറുസ്സ്വലാത്ത്, പ്രസാധകർ ഖാദിയാൻ 2006)

The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/

### ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 01-01-2021 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

## ഇസ്ലാം ലോകത്തുനിന്ന് ദുസ്സ്വഭാവങ്ങളും അസാന്മാർഗികപ്രവൃത്തികളും അകറ്റാനാണ് ആഗ്രഹിക്കുന്നത്. അത്തരം ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നിലധികം വിവാഹം കഴിക്കാൻ ഇസ്ലാം അനുവാദം നല്കുന്നു.

**ഇസ്ലാമിക ന്യായപ്രമാണം രണ്ടു പ്രശ്നങ്ങളെടുത്തിട്ടുണ്ട്. അത് സ്വാഭാവികവും പ്രകൃതിപരവുമായ നിലയിൽ മനുഷ്യനു ആവശ്യപ്പെട്ടതാണ്. അത് എല്ലാ വശത്തൂടേയും ശക്തികളുടെ ശിക്ഷണത്തിന്നായിട്ടുള്ളതാണ്.**

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഇസ്ലാം ഒരുപാടു സ്ത്രീകളെ വേളികഴിക്കാൻ അനുമതി നല്കിയിരിക്കുന്നുവെന്ന് പറഞ്ഞ് ബഹുഭാര്യത്വത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു. എന്നാൽ, വിശുദ്ധ ഖുർആനിൽ നിർബന്ധമായും ഒന്നിലധികം വിവാഹം കഴിക്കണമെന്ന് പറഞ്ഞിട്ടുള്ളതായി നമുക്ക് കാണിച്ചുതരാൻ ശൂരനും പുരുഷനുമായ ആരെങ്കിലും ആക്ഷേപരംഗത്തുണ്ടോ? എന്നാണ് നാം ചോദിക്കുന്നത്. അതേ ഇതൊരു സത്യവും സ്വാഭാവികവുമായ കാര്യമാണ്. ഒന്നിലധികം വിവാഹം കഴിക്കാൻ മനുഷ്യന് പലപ്പോഴും ആവശ്യം നേരിടാറുണ്ട്. ഉദാഹരണമായി ഭാര്യ അന്ധയായിപ്പോകുക. അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ രോഗത്തിന് വിധേയയായി ഭർത്താവിന്റെ അത്യാവശ്യമായ കാര്യങ്ങൾ നിറവേറ്റാൻ സാധിക്കാതെ വരിക. സഹതാപപരമായ കാര്യം നോക്കുമ്പോൾ സുഖമില്ലാത്ത ഭാര്യയെ ഒഴിവാക്കുന്നതും ശരിയല്ല. അല്ലെങ്കിൽ കരുണാർഹമായ ഗുരുതരരോഗത്തിന് വിധേയയായി ഭർത്താവിന്റെ സ്വാഭാവികമായ ആവശ്യങ്ങൾപോലും പൂർത്തീകരിക്കാനാവാത്ത അവസ്ഥയുണ്ടാകുകയും രണ്ടാം വിവാഹത്തിന് അനുവദിക്കാതിരിക്കുകയുമാണെങ്കിൽ അത് അയാളെ അസാന്മാർഗിക പ്രവൃത്തിയിലേക്കും ദുസ്സ്വഭാവങ്ങളിലേക്കു ഉന്തിവിടുകയില്ലേ? ഏതെങ്കിലും മതമോ ന്യായപ്രമാണമോ അത്തരം ഘട്ടത്തിൽ രണ്ടാം വിവാഹം തടയുകയാണാങ്കിൽ തീർച്ചയായും വ്യഭിചാരത്തേയും ദുഷ്പ്രവൃത്തിയേയും സഹായിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഇസ്ലാം ലോകത്തുനിന്ന് ദുസ്സ്വഭാവങ്ങളും അസാന്മാർഗികപ്രവൃത്തികളും അകറ്റാനാണ് ആഗ്രഹിക്കുന്നത്. അത്തരം ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നിലധികം വിവാഹം കഴിക്കാൻ ഇസ്ലാം അനുവാദം നല്കുന്നു. അപ്രകാ

(ശേഷം പേജ് 11ൽ)

## മുസ്ലിമീങ്ങൾ ഒരു കാലത്ത് തങ്ങളുടെ മക്കളുടെ ശിക്ഷണത്തിന്റെ നിർബന്ധ കടമയിൽ വീഴ്ച വരുത്തി. അല്ലെങ്കിൽ അവർ വിവാഹങ്ങളിൽ സൂക്ഷ്മതയോടെ പ്രവർത്തിച്ചില്ല. ഇസ്ലാമികമായ തർബിയ്യത്ത് നല്കാൻ പ്രാപ്തരായ സ്ത്രീകളെ വീട്ടിൽ കൊണ്ടുവന്നില്ല. നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റെ കൈകളാൽ തയ്യാറക്കപ്പെട്ട ആ മഹത്തായ കെട്ടിടം അതിന്റെ അടിത്തറകളിൽ നിലംപൊത്തിവീണു.

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) *ഥുമ്മ ജഅൽനാക്കും ഖലാഇഫ ഫിൽഅർളി മിൻ ബഅ്ദിഹിം ലി തൻളുറ കയ്ഫ തഅ്ലമൂൻ*(10:15)- പിന്നീട് നിങ്ങളെങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നോക്കുന്നതിന് അവർക്കുശേഷം നിങ്ങളെ നാം ഭൂമിയിൽ പ്രതിനിധികളാക്കിയിരിക്കുന്നു- എന്ന വചനത്തിന് വ്യാഖ്യാനം നല്കിക്കൊണ്ട് പറയുന്നു:

‘കർമം രണ്ടുവിധത്തിലുണ്ട്. ഒരു കർമം മനുഷ്യനെ അനുഗ്രഹത്തിന് അർഹനാക്കുന്നു. രണ്ടാമത്തേത് അനുഗ്രഹം കിട്ടിയതിനുശേഷം അതു നിലനിറുത്തുന്നതിന് ചെയ്യേണ്ടത് നിർബന്ധമാണ്. ഒരുപാട് വിദ്യാർഥികൾ വിദ്യാഭ്യാസകാലത്ത് വളരെ സമർഥരായിരിക്കും. എന്നാൽ, ജീവിതത്തിന്റെ വടംവലിയിൽപ്പെടുമ്പോൾ ഒട്ടും കൊള്ളരുതാത്തവരായി സ്ഥാപിതരാകുന്നു. ഇതുതന്നെയാണ് ജനതയുടെ അവസ്ഥയും. ചില ജനതകൾ പ്രൗഢിയും പ്രതാപവും ലഭിക്കുന്നതിനുമുമ്പേ വളരെ നല്ല മാതൃക കാണിക്കുന്നു. എന്നാൽ, ഭരണം കിട്ടുമ്പോൾ നന്മയുടെ നിലവാരത്തെ നിലനിറുത്തുക എന്നത് അവർക്ക് ദുഷ്കരമായിത്തീരുന്നു.

രണ്ടാമത്തേത് മാനുഷികകർമങ്ങൾ രണ്ടു തരത്തിലുള്ളതുകൊണ്ടാണ് ഈ വാക്യം അധികമാക്കപ്പെട്ടിട്ടുള്ളത്. ഒന്ന് സ്വയം ചെയ്യുന്ന സൽക്കർമം. ഒന്ന് ആ സൽകർമത്തെ നിലനിറുത്തുന്നതിനുള്ള കർമം. ഈ വാക്യം അധികമാക്കപ്പെട്ടിട്ടുള്ളതുകൊണ്ടുള്ള ഉദ്ദേശ്യം നിങ്ങളുടെ വ്യക്തിപരമായ നന്മകൾ കൊണ്ട് നാം നിങ്ങളെ ഖുലഫാഅ ഫിൽഅർളി ആക്കിയെന്നല്ല. അതിനുശേഷം നന്മയെ സംരക്ഷിക്കുന്നവരായിട്ടുള്ളവർ ആ കർമം എങ്ങനെ ചെയ്തുവെന്ന് കാണാനാണ് അല്ലാഹു ആഗ്രഹിച്ചിരുന്നത്. നന്മയെ നിലനിറുത്തുന്നതിനുള്ള കർമങ്ങൾ സൽകർമത്തെക്കാൾ ഒരുപാട് ദുഷ്കരമായിട്ടുള്ള കർമങ്ങളാണ്. അഭിവൃദ്ധിക്കുവേണ്ടി ശ്രമിക്കുന്നുണ്ടെങ്കിലും അതു നിലനിറുത്തുന്നതിനുവേണ്ടി ശ്രമിക്കാത്തതാണ് ജനതകളുടെ നാശത്തിനുള്ള കാരണം. സ്വന്തം തഖ്വാ അഥവാ ദൈവഭയം ശ്രദ്ധിക്കുന്നുണ്ട്, എന്നാൽ, മക്കളുടെ സൽസ്വഭാവങ്ങളിൽ പൂർണമായും ശ്രദ്ധിക്കുന്നില്ല. തൽഫലമായി അവരുടെ നന്മകളുടെ നിലവാരം ഇടിയാൻ തുടങ്ങുന്നു. എത്രത്തോളമെന്നാൽ നാമമാത്രമായി അത് അവശേഷിക്കുന്നു; യഥാർഥ അവസ്ഥ നഷ്ടപ്പെട്ടുപോകുന്നു. ഈ മാറ്റമുണ്ടാകുന്നത് പല തലമുറകളിലാണ്. അതിന്റെ ബോധവും അവർക്ക് ഉണ്ടാകാറില്ല. അവസാനം ജനത നാശഗർത്തത്തിൽ വീണുപോകുന്നു. അതിനാൽ നിങ്ങൾ നിങ്ങളുടെ ഖിലാഫത്തിനെ എത്രകാലംവരെ നിലനിറുത്തുമെന്ന് നാം നോക്കുന്നതായിരിക്കുമെന്ന കാര്യത്തിലേക്കാണ് ഈ വാക്യത്തിലൂടെ ശ്രദ്ധ ക്ഷണിക്കുന്നത്.

മുസ്ലിമീങ്ങൾ ഈ അതുല്യമായ പോയന്റ് ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഇന്ന് അവരുടെ അവസ്ഥ ഇങ്ങനെയാകുമായിരുന്നില്ല. അവർ ഒരു കാലത്ത് തങ്ങളുടെ മക്കളുടെ ശിക്ഷണത്തിന്റെ നിർബന്ധ കടമയിൽ വീഴ്ചവരുത്തി. അവരുടെ അനുവ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُولُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

**മൂന്ന് രാത്രിവരെ ചന്ദ്രന് ഹിലാൽ എന്നാണ് പറയുന്നത്; ഖമർ എന്നല്ല. ഇതിനു വിരുദ്ധമായി ആരെങ്കിലും സ്ഥാപിച്ചുകാണിക്കുകയാണെങ്കിൽ അയാൾക്ക് ആയിരം രൂപ ഇനാം നല്കുന്നതായിരിക്കും.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി ഞങ്ങൾ ആ മഹാത്മാവിന്റെ ഗ്രന്ഥമായ നൂറുൽ ഹഖ് രണ്ടാം ഭാഗം, റൂഹാനീ ഖസാഇൻ വാല്യം 8–ൽ നിന്നാണ് അവതരിപ്പിക്കുന്നത്. 'നൂറുൽ ഹഖ് ഭാഗം ഒന്ന്, രണ്ട്' 'ഇത്മാമുൽ ഹുജ്ജ' 'സിർറുൽ ഖിലാഫ' എന്നീ ഗ്രന്ഥങ്ങൾ അടങ്ങിയതാണ് റൂഹാനീ ഖസാഇന്റെ വാല്യം 8. നൂറുൽ ഹഖ് ഭാഗം 1 ഹുദൂർ(അ) പാതിരി യിമാദുദ്ദീന്റെ ഗ്രന്ഥമായ 'തൗസീനുൽ അഖ്വാലി'നുള്ള മറുപടിയായി സാഹിത്യനിർഭരമായ അറബിഭാഷയിലാണ് എഴുതിയത്. പാതിരി യിമാദുദ്ദീൻ നബി(സ)തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ 'തൗസീനുൽ അഖ്വാലിൽ' അവിശുദ്ധമായ ആക്രമണം നടത്തി. വിശുദ്ധഖുർആനിന്റെ അർഥഗാംഭീര്യത്തിന്മേലും സാഹിതീയസൗന്ദര്യത്തിന്മേലും ആക്ഷേപങ്ങൾ ഉന്നയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമേൽ അങ്ങേയറ്റം അസഭ്യമായതും അടിസ്ഥാനരഹിതമായതുമായ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. ഈ ഗ്രന്ഥത്തിന്റെ അവസാനം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വേദനയോടുകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇങ്ങനെ ദുആ ചെയ്തു:

يَارَبِّ يَا رَبِّ الضُّعَفَاءِ وَالْمُضْطَرِّيْنَ اَلَسْتُ مِنْكَ؟ فَقُلْ وَ اِنَّكَ خَيْرُ الْقَائِلِيْنَ۔ كَثُرَ اللَّعْنُ وَالتَّكْفِيْرُ، وَنُسِبْتُ اِلَى التَّزْوِيْرِ، وَسَمِعْتَ كُلَّهٗ وَرَاَيْتَ يَا قَدِيْرُ، فَافْتَحْ بَيْنَنَا بِالْحَقِّ وَاَنْتَ خَيْرُ الْفَاتِحِيْنَ۔ وَنَجِّنِيْ مِنْ عُلَمَاۤءِ السُّوْءِ وَاَقْوَالِهِمْ، وَ كِبْرِهِمْ وَدَلَالِهِمْ، وَنَجِّنِيْ مِنْ قَوْمٍ ظَالِمِيْنَ۔ وَاَنْزِلْ نَصْرًا مِنَ السَّمَاۤءِ وَاَدْرِكْ عَبْدَكَ عِنْدَ الْبَلَاءِ ...... رَبِّ نَجِّنِيْ مِمَّا يَقْصُدُوْنَ، وَاحْفَظْنِيْ مِمَّا يُرِيْدُوْنَ وَاَدْخِلْنِيْ فِي الْمَنْصُوْرِيْنَ ...... رَبِّ فَارْحَمْ وَتَقَبَّلْ مِنَّا دُعَاءَنَا، وَاِلَيْكَ الشَّكْوٰى وَالِتجَاءُ۔

തർജമ: എന്റെ റബ്ബേ! ദുർബലരുടേയും അശരണരുടേയും റബ്ബേ! ഞാൻ നിന്നിൽനിന്നുള്ളവനല്ലേ? നീ തന്നെ (ഈ ആളുകൾക്ക്) പറഞ്ഞുകൊടുത്താലും. നീ ഏറ്റവും നല്ലനിലയിൽ പറയുന്നവനാണല്ലോ. ജനങ്ങൾ ഒരുപാട് കുത്തിപ്പറയുകയും കാഫിർ എന്ന് ആരോപിക്കുകയും ചെയ്തു. എന്നെ കള്ളനെന്ന് പറഞ്ഞു. നീ എല്ലാം കേട്ടു, കാണുകയും ചെയ്തു. അല്ലയോ സർവശക്തനായുള്ളവനേ! നീ ഞങ്ങളുടെ ഇടയിൽ വിധി പറഞ്ഞാലും. നീയാണ് ഏറ്റവും ഉത്തമനായ വിധികർത്താവ്. എനിക്ക് വൃത്തികെട്ട ഉലമായിൽനിന്നും അവരുടെ (വേദനയേല്പിക്കുന്ന) സംസാരങ്ങളിൽനിന്നും അവരുടെ അഹങ്കാരത്തിൽനിന്നും മോചനം നല്കിയാലും. അക്രമികളായ ജനതയിൽനിന്ന് എന്നെ മോചിപ്പിച്ചാലും. ആകാശത്തുനിന്ന് എനിക്കുവേണ്ടി സഹായം ഇറക്കിയാലും. വിപത്തിന്റെ നേരത്ത് എന്നെ സംരക്ഷിച്ചാലും. എന്റെ റബ്ബേ! എന്നെ അവരുടെ ദുരുദ്ദേശ്യങ്ങളിൽനിന്ന് രക്ഷിച്ചാലും. എന്നെ കാത്തുസംരക്ഷിച്ചാലും. അവരുടെ ദുരുദ്ദേശ്യങ്ങളിൽനിന്നും എന്നെ വിജയിയും സഹായിക്കപ്പെട്ടവനുമാക്കിയാലും. എന്റെ റബ്ബേ! കരുണ ചെയ്താലും. ഞങ്ങളുടെ ദുആകൾ സ്വീകരിച്ചാലും. നമ്മുടെ പരാതികളും താണുകേണുള്ള വിലാപങ്ങളും നിന്റെതന്നെ തിരുസന്നിധിയിലാണ്.

നൂറുൽഹഖ് ഭാഗം ഒന്ന് 1894 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ചു. ഇപ്പോൾ ഈ ദുആ ചെയ്ത് ഒരുമാസം കഴിഞ്ഞിട്ടുണ്ടാകും, അല്ലാഹു അത് സ്വീകരിച്ചും സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ അടയാളം വെളിപ്പെടുത്തിയുംകൊണ്ട് അദ്ദേഹത്തിനുള്ള പിന്തുണയും സഹായവും പ്രകടിപ്പിച്ചു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്റെ അടയാളമെന്നനിലയിൽ ഇരുലോകത്തിന്റേയും നേതാവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാകുമെന്ന പ്രവചനം ചെയ്തിരുന്നു. അത് അതിന്റെ കൃത്യസമയത്ത് വലിയ ശോഭയോടും പ്രകാശത്തോടും പ്രൗഢിയോടുംകൂടി എല്ലാ വശങ്ങളിലൂടെയും പുലർന്നു. നബി(സ) തിരുമേനി പറഞ്ഞിരുന്നു:

اِنَّ لِمَهْدِيِّنَا اٰيَتَيْنِ لَمْ تَكُوْنَا مُنْذُ خَلْقِ السَّمٰوٰتِ وَالْاَرْضِ يَنْكَسِفُ الْقَمَرُ لِاَوَّلِ لَيْلَةٍ مِنْ رَمَضَانَ وَتَنْكَسِفُ الشَّمْسُ فِي النِّصْفِ مِنْهُ وَلَمْ تَكُوْنَا مُنْذُ خَلَقَ اللّٰهُ السَّمٰوٰتِ وَالْاَرْضَ۔ (سنن دارقطنی بَابُ صِفَةِ صَلٰوةِ الْخُسُوْفِ وَالْكُسُوْفِ وَهَيْئَتِهِمَا)

അതായത് നമ്മുടെ മഹ്ദിക്ക് രണ്ടടയാളങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടതു മുതൽ ഈ രണ്ട് അടയാളങ്ങൾ ഒരിക്കലും (ഏതെങ്കിലും ദൈവനിയോഗിതന്റെ സത്യസാക്ഷ്യത്തിന്) വെളിപ്പെട്ടിട്ടില്ല. (ആ അടയാളമിതാണ്) ഖമറിന് റമളാൻ മാസത്തിൽ (അതിന്റെ ഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള രാത്രികളിൽ) ആദ്യത്തെ രാത്രി ഗ്രഹണമുണ്ടാകും. സൂര്യന് (അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള തിയതികളിൽ) മധ്യതിയതിയിലും ഗ്രഹണമുണ്ടാകുന്നതായിരിക്കും. അല്ലാഹു ആകാശവും ഭൂമിയും സൃഷ്ടിച്ചതു മുതൽ ഈ രണ്ട് അടയാളവും (ഏതെങ്കിലും വാദിയുടെ സത്യസാക്ഷ്യത്തിന്) വെളിപ്പെട്ടിട്ടില്ല.

ഉപര്യുക്ത ദുആയ്ക്കുശേഷം വളരെ പെട്ടെന്നാണ് ഈ രണ്ട് അടയാളവും അല്ലാഹു ആകാശത്ത് വെളിപ്പെടുത്തിയത്. 1894 മാർച്ച് 21 ബുധനാഴ്ച ചന്ദ്രഗ്രഹണമുണ്ടായി. അത് റമളാൻ മാസത്തിന്റെ 13–ാം തിയതിയായിരുന്നു. 1894 ഏപ്രിൽ 6ന് പരിശുദ്ധ ജുമുഅ ദിവസം സൂര്യന് ഗ്രഹണമുണ്ടായി. ഇത് റമളാനിന്റെ 28–ാം തിയതിയായിരുന്നു. പ്രകൃതിനിയമമനുസരിച്ച് ചന്ദ്രന്റേയും സൂര്യന്റേയും ഗ്രഹണത്തെ ഒരേ സമയത്ത് മുഴുലോകത്തിനും കാണാൻ കഴിയുമായിരുന്നില്ല. വെളിപെട്ട ഈ അടയാളം പൂർവദിക്കിലുള്ള രാജ്യങ്ങളിലെ ആളുകളാണ് കണ്ടത്. പാശ്ചാത്യരാഷ്ട്രങ്ങളിലെ ആളുകൾക്കും ഇമാം മഹ്ദിയുടെ സത്യസാക്ഷ്യത്തിനുള്ള ഈ മഹത്തായ അടയാളം കാണാൻ അവകാശമുണ്ടായിരുന്നു. അങ്ങനെ അടുത്ത വർഷം തന്നെ 1895–ൽ യൂറോപ്പിലും അമേരിക്കയിലും അല്ലാഹു ഈ അടയാളം പ്രവചനമനുസരിച്ച് വീണ്ടും വെളിപ്പെടുത്തി. 1895 മാർച്ച് 11–ന് ചന്ദ്രന് ഗ്രഹണമുണ്ടായി. അത് റമളാൻ 13–ാം തിയതിയായിരുന്നു. 1895 മാർച്ച് 26–ന് സൂര്യന് ഗ്രഹണമുണ്ടായി. അത് റമളാൻ 28–ാം തിയതിയായിരുന്നു. സന്തോഷകരവും വിജയകരവുമായ കാര്യം ഖാദിയാനിലും 1895 മാർച്ച് 11, റമളാൻ 13–ാം തിയതിയായിരുന്നു. 1895 മാർച്ച് 26 റമളാൻ 28–ാം തിയതിയുമായിരുന്നു.

1894 മാർച്ച് 21 അനുസരിച്ച് ഹിജ്റ 1311 റമളാൻ 13ന് ചന്ദ്രഗ്രഹണം കണ്ടതിനുശേഷം അഹ്മദികൾ വളരെ സന്തോഷത്തിലായിരുന്നു. ഖാദിയാനിലും സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും അന്തരീക്ഷമായിരുന്നു. അപ്പോൾ വളരെ ആകാംക്ഷയോടെ റമളാൻ 28ന് സൂര്യഗ്രഹണം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലായിരുന്നു എല്ലാവരും. അഹ്മദി ദൂരദൂരനിന്ന് ഖാദിയാനിൽ എത്തിക്കൊണ്ടിരുന്നു; സൂര്യഗ്രഹണത്തിന്റെ അടയാളം അവർ തങ്ങളുടെ മഹാനായ ആത്മീയ യജമാനരായ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും(അ) കൂടെ കാണുകയും നിർവൃതിയടയുകയും ചെയ്യുന്നതിന് അങ്ങനെ ഭാഗ്യവാന്മാരായ സഹോദരൻ മിർസാ അയ്യൂബ് ബേഗ് സാഹിബും (ഉസ്താദ് സയൻസ് എഡിസൻ കോളേജ് ലാഹോർ) മിർസാ യഅ്ഖൂബ് ബേഗ് സാഹിബും (സ്റ്റുഡന്റ് മെഡിക്കൽ കോളേജ്) ലാഹോറിൽനിന്ന് ഈ ദൃഢനിശ്ചയത്തോടുകൂടി ഖാദിയാനിലേക്ക് പുറപ്പെട്ടു; സൂര്യഗ്രഹണം തങ്ങളുടെ യജമാനരായ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെ കാണുന്നതിന്! ഈ രണ്ട് സഹോദരന്മാരും 1892–ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു കഴിഞ്ഞിരുന്നു. അവരിരുവരോടുമൊപ്പം അവരുടെ ഒരു സുഹൃത്ത് മൗലവി അബ്ദുൽ അലി സാഹിബ് ഓഫ് കലാനൂറുമുണ്ടായിരുന്നു. ഇവർ മൂവരും ഏപ്രിൽ 5ന് വ്യാഴാഴ്ച അതായത് റമളാൻ 27ന് ഉച്ചകഴിഞ്ഞ് ലാഹോറിൽനിന്ന് പുറപ്പെട്ടു. രാത്രി 11 മണിക്ക് ബട്ടാലയിലെത്തി. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് തന്റെ ജുമുഅ ഖുത്ബ 2015 മാർച്ച് 20ൽ ഈ സംഭവം വിവരിച്ചുകൊണ്ടു പറയുന്നു:

'അവർ ഏകദേശം രാത്രി 11 മണിക്ക് ബട്ടാലയിലെത്തി. അടുത്തദിവസം അതിരാവിലെ ഗ്രഹണം തുടങ്ങണമായിരുന്നു. (ആ ചെറുപ്പക്കാരുടെ താൽപര്യം എത്ര മാത്രമായിരുന്നുവെന്ന് നോക്കുക). പൊടിക്കാറ്റ് ശക്തമായി വീശുന്നുണ്ടായിരുന്നു. ഇടിമുഴങ്ങുന്നുണ്ടായിരുന്നു. മിന്നലെറിയുന്നുണ്ടായിരുന്നു. കാറ്റ് എതിരിൽ വീശുന്നുണ്ടായിരുന്നു. മണ്ണ് കണ്ണിൽ പതിയുന്നുണ്ടായിരുന്നു. (അവർ ബട്ടാലയിൽനിന്ന് ഖാദിയാനിലേക്ക് നടന്നു പോകുകയായിരുന്നു). ചുവടുകൾ നല്ലവണ്ണം ഉയരുന്നുണ്ടായിരുന്നില്ല. മിന്നലിന്റെ വെളിച്ചത്തിലാണ് വഴി കണ്ടിരുന്നത്. എന്തു സംഭവിച്ചാലും രാത്രിയിൽത്തന്നെ ഖാദിയാനിലെത്തണമെന്ന് എല്ലാവരും തീരുമാനിച്ചു. അങ്ങനെ മൂവരും വഴിയിൽനിന്നുകൊണ്ട് അങ്ങേയറ്റം വിഷമത്തോടെ ദുആ ചെയ്തു. അല്ലാഹുവേ! ആകാശത്തിന്റേയും ഭൂമിയുടേയും സർവശക്തനായ അല്ലാഹുവേ! ഞങ്ങൾ നിന്റെ എളിയ ദാസരാണ്. നിന്റെ മസീഹിനെ സിയാറത്ത് ചെയ്യാൻ പോകുകയാണ്. ഞങ്ങൾ നടന്നാണ് പോകുന്നത്. തണുപ്പുണ്ട്. നീ തന്നെ ഞങ്ങളിൽ കരുണചൊരിഞ്ഞാലും. ഞങ്ങൾക്ക് വഴി എളുപ്പമാക്കിയാലും. ഈ എതിർകാറ്റിനെ അകറ്റിയാലും. ദുആയുടെ അവസാനവാക്ക് വായിൽതന്നെയായിരുന്നു. കാറ്റിന്റെ ഗതി മാറി. മുമ്പിൽനിന്ന് കാറ്റു വീശുന്നതിനു പകരം പിന്നിൽനിന്ന് വീശാൻ തുടങ്ങി. അത് യാത്രയ്ക്ക് സഹായകരമായി. കാറ്റിൽ ഞങ്ങൾ പറന്നുപോകുന്നതുപോലെ തോന്നി. കുറച്ചു സമയം കൊണ്ട് നഹ്റിൽ (നദി)എത്തി. ഈ സ്ഥലത്ത് കുറച്ച് ചാറ്റൽമഴ തുടങ്ങി. നദിയുടെ അടുത്ത്

**(ശേഷം പേജ് 12ൽ)**

# ഖുത്ബ ജുമുഅ

നിങ്ങളെല്ലാവരും ചേർന്ന് അല്ലാഹുവിന്റെ കയറിനെ മുറുകെ പിടിക്കണം. പർസപരം ഭിന്നിക്കരുത്.
കാരണം ഞാൻ അബുൽഖാസി(സ)മിൽനിന്ന് കേട്ടിരിക്കുന്നു, പരസ്പരമുള്ള ബന്ധങ്ങളുടെ പരിഷ്കരണം
നമസ്കാരത്തെക്കാളും നോമ്പുകളെക്കാളും ഉത്തമമാണ്.(ഹദ്റത്ത് അലി)

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫറാശിദും ജാമാതാവുമായ അബൂതുറാബ് ഹദ്റത്ത് അലിയ്യുൽമുർത്തളാ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച. ഹദ്റത്ത് അലി(റ)യുടെ ശഹാദത്തിന്റെ അവസ്ഥകളുടെ രണ്ടു സംഭവങ്ങളുടെ വിവരണം.

നന്മകൾ ഉപദേശിക്കുകയും തിന്മയെ തടയുകയും ചെയ്യുക. അതൊരിക്കലും ഉപേക്ഷിക്കരുത്. ഉപേക്ഷിച്ചാൽ നിങ്ങളിലെ ചീത്തയാളുകൾ ഭരണാധികാരികളാകും. പിന്നീട് നിങ്ങൾ ദുആ ചെയ്താൽ നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുകയില്ല. അതാണ് ഇന്നത്തെ മുസ്ലിം രാജ്യങ്ങളുടെ അവസ്ഥ.

ഈ വർഷം ജമാഅത്തിനും ലോകത്തിനും മനുഷ്യത്വത്തിനും അനുഗൃഹീതമാകാൻ ദുആ ചെയ്യുക.

അല്ലാഹുവിൽനിന്ന് ഈ വിപത്തുകൾ, നമ്മുടെ കടമകളും ചുമതലകളും മറക്കുകയും നിറവേറ്റാതിരിക്കുകയും എന്നല്ല അക്രമങ്ങളിൽ അതിർ കടക്കുകയും ചെയ്യുന്നതുകൊണ്ടാണ് വരുന്നത്.

യഥാർഥ ആയുധങ്ങളുടെ യുദ്ധം ഉണ്ടാകുന്നതും വിദൂരമല്ല. അത് അങ്ങേയറ്റം ഭയാനകമായ യുദ്ധമായിരിക്കും.

ഈ വർഷം അനുഗ്രഹാശംസകളുടെ വർഷമായിത്തീരുന്നത് നമ്മൾ നമ്മുടെ നിർബന്ധകടമകൾ നിറവേറ്റുന്നവരാകുമ്പോഴായിരിക്കും.

ഓരോ അഹ്മദിയും തങ്ങളെ ഒരു വലിയ ജോലി ഏല്പിച്ചിട്ടുണ്ടെന്ന് കാര്യത്തിൽ ചിന്തിക്കേണ്ടതാണ്.

നബി(സ)ഉയർത്തിയ പതാകയുടെ കീഴിൽ ലോകത്തെ കൊണ്ടുവരിക.

ഈ വർഷം താൻ ലോകത്ത് ഒരു വിപ്ലവം ഉണ്ടാക്കുന്നതിനുവേണ്ടി തന്റെ സകല കഴിവുകളും ഉപയോഗിക്കണമെന്ന് മനസ്സിലാക്കി ഓരോ അഹ്മദി പുരുഷനും സ്ത്രീയും യുവാവും കുട്ടിയും വൃദ്ധനും പ്രതിജ്ഞ ചെയ്യുക.

ഇന്ന് ലോകത്തെ മുഹമ്മദു റസൂലുല്ലായുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിന് ആരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് അഹ്മദി മാത്രമാണ്.

നമ്മുടെ ജോലിയാണ് ദുആകൾകൊണ്ട് നമ്മുടെ ആരാധനകളെ കൂടുതൽ അലങ്കരിക്കുക. അതു നമ്മൾ ചെയ്യുകയാണെങ്കിൽ നമ്മൾ വിജയികളാണ്.

വർഷാരംഭത്തിലുള്ള സന്തോഷമാണെങ്കിലും അല്ലെങ്കിൽ പെരുന്നാളിന്റെ, യഥാർഥത്തിൽ അത് നമുക്കുണ്ടാകുന്നത് ലോകം മുഴുവൻ മുഹമ്മദ് റസൂലുല്ലാഹി(സ)കൊണ്ടുവന്ന അല്ലാഹുവിന്റെ തൗഹീദിന്റെ കൊടി നമ്മൾ നാട്ടുന്നവരാകുമ്പോഴായിരിക്കും.

അല്ലാഹു എല്ലാ രാജ്യത്തും എല്ലാ അഹ്മദികളേയും രക്ഷയിലും സമാധാനത്തിലും വെക്കുമാറാകട്ടെ. ഈ വർഷം എല്ലാ അഹ്മദികൾക്കും എല്ലാ മനുഷ്യർക്കും കാരുണ്യങ്ങളുടേയും അനുഗ്രഹങ്ങളുടേയും വർഷമായി വരുമാറാകട്ടെ.

നവവത്സരത്തിന്റെ തുടക്കത്തിൽ രാഷ്ട്രനേതാക്കൾക്കും അഹ്മദിയ്യ ജമാഅത്തിനും സുവർണമായ ഉപദേശങ്ങൾ

അൽജീരിയായിലും പാക്കിസ്താനിലും അഹ്മദികൾക്ക് നേരിടേണ്ടിവരുന്ന കഠിനമായ എതിർപ്പിനെകണ്ട് ദുആകൾ ചെയ്യാൻ ആഹ്വാനം.

**ഖുത്ബ ജുമുഅ 2021 ജനുവരി 01/1399 സ്വുൽഹ് 01**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് അലി(റ)യെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നുവരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് അലിയുടെ ശഹാദത്തിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് പറയുന്നു: 'പ്രശ്നങ്ങൾ നല്ലതുപോലെ ഒതുങ്ങിത്തീർന്നിരുന്നില്ല. ഖാരിജികളിലെ ഒരു വിഭാഗം കൂടിയാലോചന നടത്തുകയും വലിയ വലിയ ആളുകളെ വധിച്ചുകൊണ്ട് ഈ ഫിത്ന എങ്ങനെയെങ്കിലും അകറ്റണമെന്ന് തീരുമാനിക്കുകയും ചെയ്തു. അങ്ങനെ അവരിലെ ധൈര്യശാലികളായവർ അതായത് യോദ്ധാക്കളും വീരന്മാരുമായിട്ടുള്ളവരിൽ ഒരാൾ ഹദ്റത്ത് അലിയേയും ഒരാൾ ഹദ്റത്ത് മുആവിയേയും ഒരാൾ ഹദ്റത്ത് അംറ് ബിൻ ആസിനേയും ഒരേ ദിവസം ഒരേ സമയത്ത് വധിക്കാമെന്ന് സമ്മതിച്ച് പുറപ്പെട്ടു. ഹദ്റത്ത് മുആവിയായുടെ അടുത്തേക്ക് പോയ ആൾ അദ്ദേഹത്തെ ആക്രമിച്ചു. എന്നാൽ, ഹദ്റത്ത് മുആവിയക്ക് നിസാര പരിക്കാണേറ്റത്. ആ അക്രമി പിടിക്കപ്പെടുകയും പിന്നീട് വധിക്കപ്പെടുകയും ചെയ്തു. ഹദ്റത്ത് അംറ് ബിൻ ആസിനെ വധിക്കാൻ പോയ ആളും പരാജയപ്പെടുകയാണുണ്ടായത്. ഹദ്റത്ത് അലിയെ വധിക്കുന്നതിനുവേണ്ടി പുറപ്പെട്ടയാൾ ഹദ്റത്ത് അലി(റ) സ്വുബ്ഹി നമസ്കാര സമയത്ത് എഴുന്നേൽക്കാൻ തുടങ്ങുകയായിരുന്നപ്പോൾ അദ്ദേഹത്തെ ആക്രമിച്ചു. അദ്ദേഹത്തിന് ഗുരുതരമായി പരിക്കേറ്റു. അദ്ദേഹത്തിനുമേൽ ആക്രമണം നടത്തുന്ന നേരത്ത് അയാൾ ഈ വാക്കുകൾ പറഞ്ഞു: 'ഏ അലീ! നീ പറയുന്ന എല്ലാ കാര്യങ്ങളും സമ്മതിക്കണമെന്നത് നിനക്ക് അവകാശപ്പെട്ടതല്ല. പ്രത്യുത ഈ അവകാശം അല്ലാഹുവിന് മാത്രമുള്ളതാണ്.'(അൻവാറെ ഖിലാഫത്ത്, അൻവാറുൽഉലൂം, വാല്യം 3, പേജ് 202)

ഹദ്റത്ത് അലിയുടെ ശഹാദത്തിനെ സംബന്ധിച്ച് നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. ഹദ്റത്ത് ഉബയ്ദുല്ലാഹ് വിവരിച്ചു: 'നബി(സ) തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'ഏ അലീ! ആദ്യമുള്ളവരിലും അവസാനമുള്ളവരിലും ഏറ്റവും ദുഷ്ടനാരാണെന്ന് നിനക്ക് അറിയുമോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ.' അപ്പോൾ അവിടന്ന് പറഞ്ഞു:'ആദ്യമുള്ളവരിൽപ്പെട്ട ദുർഭഗൻ ഹദ്റത്ത് സ്വാലിഹ്(അ)ന്റെ ഒട്ടകത്തിന്റെ പിന്തുട ഞരമ്പു മുറിച്ചവനായിരുന്നു. അലീ! അവസാനം വരുന്നവരിൽ ഏറ്റവും ദുർഭഗൻ നിന്നെ കുന്തംകൊണ്ട് വധിക്കുന്നവനായിരിക്കും.' നബി(സ)തിരുമേനി അദ്ദേഹത്തിന് എവിടെയാണ് കുന്തത്തിന്റെ കുത്ത് ഏൽക്കുകയെന്നും കാണിച്ചു കൊടുത്തു.

ഹദ്റത്ത് അലിയുടെ ഭൃത്യ ഉമ്മുജഅ്ഫറിന്റെ നിവേദനം: 'ഞാൻ ഹദ്റത്ത് അലിയുടെ കൈകളിൽ വെള്ളമൊഴിക്കുകയായിരുന്നു. അദ്ദേഹം തന്റെ തല ഉയർത്തി. തന്റെ താടിപിടിച്ച് അതിനെ മൂക്കുവരെ ഉയർത്തി. താടിയെ സംബോധനചെയ്ത് പറഞ്ഞു: 'വാഹ്! നിന്നെ കുറിച്ച് എന്തുപറയാനാണ്! നീ തീർച്ചയായും രക്തത്തിൽ നിറംപിടിക്കുന്നതായിരിക്കും.' പിന്നീട് ജുമുഅ ദിവസം അദ്ദേഹം ശഹീദാക്കപ്പെട്ടു.'

ഹദ്റത്ത് അലിയുടെ ശഹാദത്ത് സംഭവം ഒരിടത്ത് ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഇബ്നു ഹനഫിയ്യ നിവേദനം. അദ്ദേഹം പറയുന്നു: 'ഞാനും

ഹദ്റത്ത് ഹസനും ഹദ്റത്ത് ഹുസയ്നും കുളിപ്പുരയിൽ ഇരിക്കുകയായിരുന്നു. ഞങ്ങളുടെ അടുത്ത് ഇബ്നു മുൽജം വന്നു. അയാൾ പ്രവേശിച്ചപ്പോൾ ഹുസയ്ൻ അയാളോടു വെറുപ്പ് പ്രകടിപ്പിച്ചു. പറഞ്ഞു, 'നിന്റെ ഈ ധാർഷ്ട്യം. നീ ഇങ്ങനെ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നു.' ഞാൻ അവരിരുവരോടും അയാളുമായി സംസാരിക്കേണ്ടെന്ന് പറഞ്ഞു. അല്ലാഹുവാണ! ഇയാൾ നിങ്ങൾക്കെതിരിൽ എന്താണോ ചെയ്യാനുദ്ദേശിക്കുന്നത് അത് ഇതിനെക്കാളും ഭയാനകമായിരിക്കും. ഹദ്റത്ത് അലിയുടെമേൽ ആക്രമണം നടത്തിയ നേരത്ത് ഇബ്നുമുൽജം തടവുകാരനാക്കി കൊണ്ടുവരപ്പെട്ടപ്പോൾ ഇബ്നു ഹനഫിയ്യ പറഞ്ഞു: കുളിപ്പുരയിൽ നമ്മുടെ അടുത്ത് വരുന്ന ദിവസംതന്നെ ഞാൻ ഇവനെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.' അപ്പോൾ ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഇയാൾ തടവുകാരനാണ്. അതുകൊണ്ട് ഇയാളെ നല്ലവണ്ണം സൽക്കരിക്കുക. ആദരത്തോടെ താമസിപ്പിക്കുക. ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ ഒന്നുകിൽ അയാളെ വധിക്കും അല്ലെങ്കിൽ അയാൾക്ക് മാപ്പു നല്കും. ഞാൻ മരിക്കുകയാണെങ്കിൽ എന്റെ പ്രതിക്രിയക്കായി അയാളെ വധിച്ചു കളയണം. അതിർ ലംഘിക്കരുത്. അതിർ ലംഘിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) മോചിപ്പിച്ച അടിമ ഖുഥമ നിവേദനം. 'ഇബ്നു മുൽജമിന്റെ വയറ്റിലും രഹസ്യസ്ഥാനത്തും കുന്തം കുത്തരുതെന്ന് ഹദ്റത്ത് അലി(റ) എന്റെ മൂത്തമകന് തന്റെ വസിയ്യത്തിൽ എഴുതി. ആളുകൾ വിവരിച്ചു: ഖാരിജീങ്ങളിൽനിന്ന് മൂന്നാളുടെ പേരുകൾ നിർദേശിക്കപ്പെട്ടു. ഹിംയർ ഗോത്രത്തിൽപ്പെട്ട അബ്ദുർറഹ്മാൻ ബിൻ മുൽജം മുറാദീയും –അയാൾ എണ്ണപ്പെട്ടിരുന്നത് മുറാദ് ഗോത്രത്തിലായിരുന്നു. അത് കിൻദാന്റെ കുടുംബമായ ജബ്ലയുടെ സഖ്യകക്ഷിയായിരുന്നു– ബുറക് ബിൻ അബ്ദുല്ലാഹ് തമീമിയും അംറ് ബിൻ ബുകയ്ർ തമീമിയും. ഇവർ മൂവരും മക്കയിൽ സംഘടിച്ച് ഹദ്റത്ത് അലിയ്യ് ബിൻ അബൂത്വാലിബ്, ഹദ്റത്ത് മുആവിയ്യ ബിൻ അബൂ സുഫ്യാൻ, ഹദ്റത്ത് അംറ് ബിൻ ആസ് തുടങ്ങിയവരെ വധിക്കുമെന്ന ഉറച്ച തീരുമാനമെടുത്തു; മുമ്പേ വിവരിച്ചു കഴിഞ്ഞിട്ടുള്ളതുപോലെ. ഈ പേരുകൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആരംഭത്തിൽ വിവരിച്ച സംഭവത്തിന്റെ 'അവരിൽനിന്ന് മോചിപ്പിക്കുമെന്ന് പറഞ്ഞ' ആ മൂന്നു പേരുടേതായിരുന്നു. താൻ അലിയ്യ് ബിൻ അബൂത്വാലിബിനെ വധിക്കാനുള്ള ചുമതല ഏറ്റെടുക്കുന്നുവെന്ന് അബ്ദുർറഹ്മാൻ ബിൻ മുൽജം പറഞ്ഞു. ബുർക് പറഞ്ഞു:ഞാൻ മുആവിയായെ വധിക്കാനുള്ള ചുമതല ഏറ്റെടുക്കുന്നു. അംറ് ബിൻ ബുകയ്ർ പറഞ്ഞു:'ഞാൻ നിങ്ങളെ അംറ് ബിൻ ആസിൽനിന്ന് മോചിപ്പക്കുന്നതാണ്.' ഇതിനുശേഷം അവർ ഇക്കാര്യത്തിൽ പരസ്പരം ശക്തമായ തീരുമാനമെടുക്കുകയും തങ്ങൾ പേരു പറഞ്ഞിട്ടുള്ള ആളെ വധിക്കുമെന്നുള്ള പ്രതിജ്ഞയിൽനിന്ന് ഒരിക്കലും പിന്മാറുകയില്ലെന്നും അവിടെയെത്തി അവരെ വധിക്കുകയോ ആ വഴിയിൽ സ്വന്തം ജീവൻ വെടിയുകയോ ചെയ്യുമെന്നും ഒരിക്കലും ജീവനോടെ മടങ്ങി വരികയില്ലെന്നും പരസ്പരം ഉറപ്പുനല്കുകയും ചെയ്തു. അവർ പരസ്പരം കൂടിയാലോചിച്ച് ഇതിനായി റമളാനിലെ 17–ാം രാത്രി നിശ്ചയിച്ചു. പിന്നീട് അവരിൽ ഓരോരുത്തരും തങ്ങൾ നിശ്ചയിച്ചുറപ്പിച്ച വ്യക്തികൾ താമസിക്കുന്ന നഗരത്തിലേക്ക് യാത്രയായി. അബ്ദുർറഹ്മാൻ ബിൻ മുൽജം കൂഫയിൽ വന്നു. തന്റെ ഖാരിജീ സുഹൃത്തുക്കളെ കണ്ടു. എന്നാൽ, അവരിൽനിന്ന് തന്റെ ഉദ്ദേശ്യം മറച്ചുവച്ചു. അയാൾ അവരെ കാണാൻപോകുകയും അവർ അയാളെ കാണാൻ വരികയും ചെയ്തുകൊണ്ടിരുന്നു. അയാൾ ഒരു ദിവസം തയിമുർരിബാബ് ഗോത്രത്തിന്റെ ഒരു സംഘത്തെ കണ്ടു. അതിൽ ഖത്വാമ ബിൻത് ശിജ്ന ബിൻ അദിയ്യ് എന്നൊരു സ്ത്രീ ഉണ്ടായിരുന്നു. ഹദ്റത്ത് അലി(റ)നഹ്ർവാൻ യുദ്ധത്തിൽ അവളുടെ പിതാവിനേയും സഹോദരനേയും വധിച്ചിരുന്നു. ആ സ്ത്രീയെ ഇബ്നു മുൽജമിന് ഇഷ്ടമായി. അയാൾ അവൾക്ക് വിവാഹസന്ദേശം നല്കി. നീ എന്നോടു ഒരു വാഗ്ദാനം ചെയ്യുന്നതുവരെ വിവാഹത്തിന് താൻ സമ്മതിക്കുകയില്ലെന്ന് അവൾ അറയിച്ചു. നീ എന്തു ചോദിച്ചാലും ഞാൻ നിനക്കു നല്കുമെന്ന് ഇബ്നുമുൽജം അവളോടു പറഞ്ഞു. അവൾ പറഞ്ഞു മൂവായിരവും അലിയ്യ് ബിൻ അബീത്വാലിബിന്റെ വധവും. മൂവായിരം ദിർഹംവേണം, അലിയ്യ് ബിൻ അബീത്വാലിബിനെ വധിക്കുകയും വേണം. അയാൾ പറഞ്ഞു: അല്ലാഹുവാണ! ഞാൻ ഈ പട്ടണത്തിൽവന്നതുതന്നെ അലിയ്യ് ബിൻ അബൂത്വാ ലിബിനെ വധിക്കാനാണ്. നീ ചോദിച്ചത് തീർച്ചയായും ഞാൻ നിനക്ക് നല്കുന്നതായിരിക്കും. പിന്നീട് ഇബ്നു മുൽജം, ശബീബ് ബിൻ ബഹ്റ അശ്ജയീയെ കണ്ടു. തന്റെ തീരുമാനം അയാളോടു പറഞ്ഞു. തന്നോടൊപ്പം നില്ക്കാനും പറഞ്ഞു. ശബീബ് അയാൾ പറഞ്ഞത് സമ്മതിച്ചു. അബ്ദുർറഹ്മാൻ ബിൻ മുൽജം ആ രാത്രി, അതിന്റെ രാവിലെയാണ് അയാൾ ഹദ്റത്ത് അലിയെ ശഹീദാക്കാൻ തീരുമാനിച്ചിരുന്നത് അശ്അഥ് ബിൻ ഖയ്സ് കിന്ദിയുടെ മസ്ജിദിൽ ഒളിച്ചു കഴിഞ്ഞു. നേരം വെളുക്കുന്നതോടടുത്ത് അശ്അഥ് അയാളോടു പറഞ്ഞു, എഴുന്നേല്ക്കുക നേരം വെളുത്തു. അബ്ദുർറഹ്മാൻ ബിൻ മുൽജമും ശബീബ് ബിൻ ബഹ്റയും എഴുന്നേറ്റുനിന്നു. തങ്ങളുടെ വാളുകളുമെടുത്ത് അലി പുറത്തിറങ്ങി വരുന്ന വഴിയിൽ വന്നിരുന്നു. ഹദ്റത്ത് ഹസൻ ബിൻ അലി(റ) വിവരിക്കുന്നു, ഞാൻ അതിരാവിലെതന്നെ ഹദ്റത്ത് അലിയുടെ അടുത്തു വന്നിരുന്നു. ആ നേരത്ത് ഹദ്റത്ത് അലി(റ) പറഞ്ഞു: ഞാൻ രാത്രി മുഴുവൻ എന്റെ വീട്ടുകാരെ ഉണർത്തിക്കൊണ്ടിരുന്നു. പിന്നീട് ഇരുന്നിരുന്ന് എന്റെ കണ്ണുകളിൽ ഉറക്കം അതിജയിച്ചു. അപ്പോൾ നബി(സ)തിരുമേനിയെ സ്വപ്നത്തിൽ കണ്ടു. ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! അതായത് ഹദ്റത്ത് അലി(റ) പറയുന്നു, ഞാൻ പറഞ്ഞു, യാ റസൂലല്ലാഹ്! എനിക്ക് അങ്ങയുടെ ഉമ്മത്തിൽനിന്ന് വക്രതയും കഠിനമായ കലഹവും നേരിടേണ്ടിവരുന്നുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: 'അവർക്കെതിരിൽ അല്ലാഹുവിനോടു ദുആ ചെയ്യുക.' ഞാൻ പറഞ്ഞു: 'അല്ലാഹുവേ! എനിക്ക് അവർക്കു പകരമായി അവരെക്കാൾ മുന്തിയത് നല്കിയാലും. എനിക്കു പകരമായി അവർക്ക് എന്നെക്കാൾ മോശമായതും നല്കിയാലും.' ഇത്രയുമായപ്പോൾ ബാങ്കു കൊടുക്കുന്ന നബ്ബാഹ് വന്നു. നമസ്കാര സമയമായെന്ന് പറഞ്ഞു. ഹദ്റത്ത് ഹസൻ(റ) പറയുന്നു: ഞാൻ ഹദ്റത്ത് അലിയുടെ കൈപിടിച്ചപ്പോൾ അദ്ദേഹം എഴുന്നേറ്റ് നടക്കാൻ തുടങ്ങി. ഇബ്നു നബ്ബാഹ് അദ്ദേഹത്തിന്റെ മുന്നിലുണ്ടായിരുന്നു. ഞാൻ പിന്നിലും. അദ്ദേഹം വാതിലിലൂടെ പുറത്തിറങ്ങിയപ്പോൾ വിളിച്ചു പറഞ്ഞു: 'ജനങ്ങളേ! നമസ്കാരം നമസ്കാരം.' സ്വലാത്ത് സ്വലാത്തിന്റെ ശബ്ദം നല്കി. അവിടന്ന് എല്ലാ ദിവസവും അങ്ങനെ ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം പുറപ്പെടുമ്പോൾ കൈയിൽ വടിയുണ്ടാകുമായിരുന്നു. അത് വാതിലുകളിൽ അടിച്ച് ആളുകളെ ഉണർത്തുമായിരുന്നു. കൃത്യം ആ നേരത്ത് അക്രമകാരികൾ അദ്ദേഹത്തിന്റെ മുമ്പിൽവന്നു. തങ്ങൾ വാളിന്റെ തിളക്കം കണ്ടുവെന്ന് ദൃക്സാക്ഷികളിൽ ചിലർ പറയുന്നുണ്ട്. ഒരാൾ ഇങ്ങനെ പറയുന്നതായി കേട്ടു, 'ഏ അലി! കല്പന അല്ലാഹുവിനുവേണ്ടിയുള്ളതാണ്, നിനക്കുവേണ്ടിയുള്ളതല്ല.' പിന്നീട് ഞാൻ രണ്ടാമത്തെ വാൾ കണ്ടു. അതുകഴിഞ്ഞ് രണ്ടുപേരും ചേർന്ന് ആക്രമിച്ചു. അബ്ദുർറഹ്മാൻ ബിൻ മുൽജമിന്റെ വാൾ ഹദ്റത്ത് അലിയുടെ നെറ്റിത്തടത്തിൽനിന്ന് തലയുടെ ഉച്ചിവരെ പതിയുകയും തലച്ചോറുവരെ എത്തുകയും ചെയ്തു. ശബീബിന്റെ വാള് വാതിലിന്റെ തടിയിൽചെന്നുകൊണ്ടു. ഞാൻ ഹദ്റത്ത് അലി ഇങ്ങനെ പറയുന്നതായി കേട്ടു. 'ഈയാൾ നിങ്ങളിൽനിന്ന് ഓടിപ്പോകാൻ പാടില്ല. ആളുകൾ നാലുഭാഗത്തുനിന്നും അയാളുടെമേൽ വീണു. എന്നാൽ, ശബീബ് രക്ഷപ്പെട്ട് കടന്നുകളഞ്ഞു. അബ്ദുർറഹ്മാൻ ബിൻ മുൽജം അറസ്റ്റുചെയ്യപ്പെട്ടു. അയാളെ ഹദ്റത്ത് അലിയുടെ അടുത്ത് എത്തിച്ചു. ഹദ്റത്ത് അലി(റ) പറഞ്ഞു: 'അയാൾക്ക് നല്ല ഭക്ഷണം കൊടുക്കുക. മാർദവമുള്ള കിടക്കയും നല്കുക. ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ ഞാൻ അയാൾക്ക് മാപ്പു കൊടുക്കാനും അല്ലെങ്കിൽ പ്രതിക്രിയ ചെയ്യാനും കൂടുതൽ അവകാശിയായിരിക്കും. ഇനി ഞാൻ മരിക്കുകയാണെങ്കിൽ അയാളേയും വധിച്ച് എന്നോടൊപ്പം ചേർക്കണം. ഞാൻ സർവലോക റബ്ബിന്റെ അടുത്ത് അയാളുമായി യുദ്ധം ചെയ്യുന്നതായിരിക്കും.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 25–27, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് അലിയുടെ മരണം സമീപസ്ഥമായപ്പോൾ അദ്ദേഹം വസിയ്യത്ത് ചെയ്തു: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം. അലി ബിൻ അബീത്വാലിബിന്റെ വസിയ്യത്താണിത്. ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകനാകുന്നു. അവന് ഒരു പങ്കുകാരനുമില്ല. മുഹമ്മദ്(സ) അവന്റെ ദാസനും ദൂതനുമാകുന്നു. അല്ലയോ ഹസൻ! ഞാൻ നിന്നോടും എല്ലാ മക്കളോടും എല്ലാ കുടുംബക്കാരോടും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് കഴിയുന്നതിനെക്കുറിച്ച് വസിയ്യത്ത് ചെയ്യുകയാണ്. അവൻ നിങ്ങളുടെ പരിപാലകനാകുന്നു. നിങ്ങൾ ഇസ്‌ലാമികമായ അവസ്ഥയിൽത്തന്നെ ഈ ലോകത്തുനിന്ന് പിരിഞ്ഞു പോകേണ്ടതാണ്. നിങ്ങളെല്ലാവരും ഒരുമിച്ച് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. പരസ്പരം ഭിന്നിക്കരുത്. കാരണം ഞാൻ അബുൽഖാസിം(സ) പറയുന്നതായി കേട്ടിരിക്കുന്നു: 'പരസ്പര ബന്ധങ്ങൾ നന്നാക്കാൻ ശ്രമിക്കുന്നത്, നോമ്പ് എടുക്കുന്നതിനെക്കാളും നഫ്ൽ നമസ്കരിക്കുന്നതിനേക്കാളും എത്രയോ ശ്രേഷ്ഠമാകുന്നു.' (ഇതു വളരെ പ്രധാനപ്പെട്ട സംഗതിയാണ്. എല്ലാവരും ഓർമവയ്ക്കേണ്ടതാണ്. പരസ്പര ബന്ധങ്ങളെ നല്ല രീതിയിൽ നിലനിറുത്തുന്നതിനുവേണ്ടി ചെയ്യുന്ന കർമങ്ങൾ നോമ്പെടുക്കുന്നതിനേക്കാളും നഫ്ൽ നമസ്കരിക്കുന്നതിനേക്കാളും ഉത്തമമാകുന്നു). 'നിങ്ങൾ നിങ്ങളുടെ കുടുംബക്കാരെ ശ്രദ്ധിക്കേണ്ടതാണ്. അവരുമായി നല്ല രീതിയിൽ വർത്തിക്കേണ്ടതാണ്. അല്ലാഹു നിങ്ങളുടെ കണക്കുകൾ എപ്പോഴും നന്നാക്കിവെക്കുമാറാകട്ടെ. അനാഥരെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. അയൽവാസികളെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. കാരണം നിങ്ങളുടെ നബി(സ)തിരുമേനി അവരെ സംബന്ധിച്ച് വസിയ്യത്ത് ചെയ്തിട്ടുണ്ട്. നമസ്കാരത്തിന്റെ കാര്യത്തിലും അല്ലാഹുവിനെ ഭയപ്പെടുക. അത് നിങ്ങളുടെ ദീനിന്റെ സ്തംഭമാകുന്നു. അല്ലാഹുവിന്റെ ഭവനത്തെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. ജീവിതത്തിന് മുഴുവനുമായി അതിനെ ഒഴിവാക്കരുത്. കാരണം അത് ശൂന്യമായാൽ പിന്നീട് അതുപോലുള്ള ഒരു ഭവനം നിങ്ങൾക്ക് ലഭ്യമാകുന്നതല്ല. നിങ്ങളുടെ ജീവനും സമ്പത്തുംകൊണ്ട് ജിഹാദ് ചെയ്യുക. സക്കാത്തിനെ സംബന്ധിച്ചും അല്ലാഹുവിനെ ഭയപ്പെടുക. കാരണം ഇത് അല്ലാഹുവിന്റെ കോപത്തെ അണച്ചുകളയുന്നു. നമ്മുടെ നബി(സ)തിരുമേനിയുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് അല്ലാഹുവിനെ ഭയപ്പെടുക. കാരണം നബി(സ)തിരുമേനി അതിനുവേണ്ടി വസിയ്യത്ത് ചെയ്തിരിക്കുന്നു. ദരിദ്രരേയും അഗതികളേയും സംബന്ധിച്ച് അല്ലാഹുവിനെ ഭയപ്പെടുക. അവരെയും നിങ്ങളുടെ ജീവിതവിഭവങ്ങളിൽ ഭാഗഭാക്കാക്കുക. നിങ്ങൾ വലംകൈ ഉടമയാക്കിയവരുടെ കാര്യത്തിലും അല്ലാഹു

വിനെ ഭയപ്പെടുക. അതായത് ആരുടെ ഉത്തരവാദിത്വമാണോ നിങ്ങളെ ഏല്പിച്ചിട്ടുള്ളത് അവരുടെ കാര്യത്തിലും അല്ലാഹുവിനെ ഭയപ്പെടുക. നമസ്കാരത്തെ കാത്തു സൂക്ഷിക്കുക. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ഏതെങ്കിലും ആക്ഷേപം പറയുന്നവനെ ഭയപ്പെട്ടു പോകരുത്. അല്ലാഹുവിന്റെ പ്രീതിയാണ് എപ്പോഴും നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടത്. (വളരെ സുപ്രധാനമായ കാര്യമാണ്). നിങ്ങൾക്കെന്തെങ്കിലും നഷ്ടമുണ്ടാക്കാനും നിങ്ങൾക്കെതിരിൽ കലഹമുണ്ടാക്കാനും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് മതിയായവനായിരിക്കും. അല്ലാഹു നിങ്ങളോടു കല്പിച്ചിട്ടുള്ളതുപോലെ ജനങ്ങളോടു നല്ല കാര്യങ്ങൾ പറയുക. നന്മ ഉപദേശിക്കുന്നതും തിന്മ വിലക്കുന്നതും ഒഴിവാക്കരുത്. അല്ലാത്തപക്ഷം നിങ്ങളിൽ മോശക്കാരായവർ നിങ്ങളുടെ അധികാരസ്ഥരാകുന്നതാണ്.(വളരെ പ്രധാനപ്പെട്ട കാര്യമാണ്. നന്മ ഉപദേശിക്കലും തിന്മ തടയലും. അതിലെപ്പോഴും വ്യാപൃതരായിരിക്കുക. അതൊരിക്കലും ഉപേക്ഷിച്ചുകളയരുത്. നിങ്ങളിലെ മോശക്കാർ നിങ്ങളുടെ ഭരണാധികാരിയാകാൻ ഇടവരരുത്). പിന്നീട് നിങ്ങൾ ദുആ ചെയ്താൽ നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതല്ല.(അത് ഇക്കാലത്തെ മുസ്‌ലിം രാജ്യങ്ങളുടെ അവസ്ഥയാണ്). പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുക. ജാഡകളൊന്നും കൂടാതെ പരസ്പരം പ്രയോജനപ്പെടുന്നവരാകുക. ശ്രദ്ധിച്ചു കേൾക്കുക! നിങ്ങൾ പരസ്പരം ശത്രുത വളർത്തരുത്. ബന്ധങ്ങൾ വിഛേദിക്കുകയുമരുത്. ഭിന്നിപ്പിലാകരുത്. നന്മയുടേയും ദൈവത്തിന്റേയും കാര്യത്തിൽ പരസ്പരം സഹകരിക്കുക. പാപത്തിലും ധിക്കാരത്തിലും പരസ്പരം സഹകരിക്കരുത്. അല്ലാഹുവിനോടുള്ള ഭയഭക്തി(തഖ്‌വാ)സ്വായത്തമാക്കുക. തീർച്ചയായും അല്ലാഹു വളരെ ശക്തമായി ശിക്ഷിക്കുന്നവനാകുന്നു. അഹ്‌ലുൽബയ്ത്തിലെ ആദരണീയരായവരേ! അല്ലാഹു നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ. നിങ്ങളുടെ നബി(സ)തിരുമേനിയെ നിങ്ങൾ മുഖേന സംരക്ഷിക്കുമാറാകട്ടെ. അതായത് നിങ്ങളുടെ സൽമാതൃക മുഖേന നബി(സ)തിരുമേനി എന്നെന്നും ജീവിച്ചിരിക്കുമാറാകട്ടെ. ഞാൻ നിങ്ങളെ അല്ലാഹുവിനെ ഏല്പിക്കുന്നു. നിങ്ങളിൽ സലാമും റഹ്‌മത്തും ചൊല്ലുകയും ചെയ്യുന്നു.(താരീഖ് അത്ത്വബരി, വാല്യം 3, പേജ് 158, വർഷം 40, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)

അബൂസിനാനിന്റെ വിവരണമാണ്. ‘ഹദ്റത്ത് അലി പരിക്കേറ്റ് കിടക്കുമ്പോൾ അദ്ദേഹം ഹദ്റത്ത് അലിയെ കാണാൻ പോയി. നിവേദകൻ പറയുന്നു: ഞാൻ പറഞ്ഞു: അമീറുൽ മുഅ്മിനീൻ! അങ്ങയുടെ ഈ പരിക്കേറ്റ സ്ഥിതി കാണുമ്പോൾ ഞങ്ങൾക്ക് വളരെ ചിന്ത ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് അലി(റ) പറഞ്ഞു: ‘പക്ഷേ, അല്ലാഹുവാണ! എനിക്ക് എന്നിൽ ഒരു ചിന്തയുമില്ല. കാരണം സത്യവാനും സത്യസാക്ഷിതനുമായ നബി(സ)തിരുമേനി എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു, നിനക്ക് ഈ സ്ഥാനത്ത് പരിക്ക് ഏല്ക്കുമെന്ന്! അദ്ദേഹം തന്റെ ചെന്നിയിലേക്ക് ചൂണ്ടിക്കാണിച്ചു. പിന്നീട് അവിടെനിന്ന് രക്തമൊഴുകും. നിന്റെ താടി രക്തമയമാകും. അങ്ങനെ ചെയ്യുന്നവൻ ഈ ഉമ്മത്തിന്റെ(സമുദായത്തിന്റെ) ഏറ്റവും വലിയ ദുർഭഗനായിരിക്കും. പെൺഒട്ടകത്തിന്റെ പിൻതുട ഞരമ്പ് വെട്ടിമുറിച്ചവൻ ഥമൂദ് ജനതയിലെ ഏറ്റവും വലിയ ദുർഭഗനായിരുന്നു. (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, ഭാഗം 4, പേജ് 327, കിതാബു മഅ്‌രിഫത്തുസ്സ്വഹാബ ദിക്റു ഇസ്‌ലാം അമീറുൽമുഅ്മിനീൻ അലി(റ), നിവേദന നമ്പർ 4648, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത് 2002)

ഒരു നിവേദനമുണ്ട്. ഹദ്റത്ത് അലി(റ) തന്റെ കൊലപാതകിയെ കുറിച്ച് പറഞ്ഞു: ‘അയാളെ ഇരുത്തുക. ഞാൻ മരിച്ചുപോയാൽ അയാളെ വധിച്ചുകളയണം. പക്ഷേ, അയാളുടെ ശരീരം വികൃതമാക്കരുത്. ഇനി ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ ഞാൻ നേരിട്ട് മാപ്പുകൊടുക്കണോ അതല്ല വധിക്കണോ എന്ന് തീരുമാനിക്കുന്നതായിരിക്കും.’ (അൽഇസ്തീആബ്, വാല്യം 3, പേജ് 219, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇക്കാര്യം ചർച്ച ചെയ്തുകൊണ്ട് പറയുന്നു: ചരിത്രങ്ങളിൽ എഴുതിയിരിക്കുന്നു: ഹദ്റത്ത് അലി(റ)ന്റെ മേൽ ഒരാൾ കഠാരകൊണ്ട് ആക്രമണം നടത്തുകയും അദ്ദേഹത്തിന്റെ വയറ് പിളർക്കുകയും ചെയ്തു. അയാൾ പിടിക്കപ്പെട്ടു.’ എന്തായലും വയർ പിളർന്നുവെന്നാണ് അദ്ദേഹം എഴുതിയത്. തലയിലും മുറിവുണ്ടായിരുന്നു. ഒരു പക്ഷേ, വയറ്റത്തും മുറിവുണ്ടായിട്ടുണ്ടാകും. അല്ലെങ്കിൽ അങ്ങനെ കരുതിയിട്ടുണ്ടാകും. കാരണം മിക്കനിവേദനങ്ങളിലും തലയിലുണ്ടായ മുറിവിനെക്കുറിച്ചാണ് പറയുന്നത്. അയാൾ പിടിക്കപ്പെട്ടപ്പോൾ സ്വഹാബത്ത് തങ്ങളെന്താണ് അദ്ദേഹത്തോടു ചെയ്യേണ്ടതെന്ന് ചോദിച്ചു. അവിടന്ന് ഹദ്റത്ത് ഇമാം ഹസനെ വിളിപ്പിച്ചു. വസ്വിയ്യത്തു ചെയ്തു: ഞാൻ മരിക്കുകയാണെങ്കിൽ എന്റെ ജീവനുപകരം അയാളുടെ ജീവനെടുക്കുക. എന്നാൽ, ഞാൻ രക്ഷപ്പെടുകയാണെങ്കിൽ പിന്നീട് അയാളെ വധിക്കരുത്.’(ഖുത്ബാത്തെ മഹ്‌മൂദ്, വാല്യം 16, പേജ് 428)

അംറ് ദീ മുർ വിവരിക്കുന്നു: ഹദ്റത്ത് അലിക്ക് വാളുകൊണ്ട് മുറിവേറ്റപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരായി. അദ്ദേഹം തന്റെ തല പുതച്ചുവെച്ചിരുന്നു. ഞാൻ പറഞ്ഞു: ‘അമീറുൽ മുഅ്മിനീൻ! എനിക്ക് അങ്ങയുടെ മുറിവ് കാണിച്ചു തരിക. അദ്ദേഹം മുറിവിൽനിന്ന് തുണി മാറ്റി. ഞാൻ പറഞ്ഞു ചെറിയ മുറിവാണ്. മറ്റൊന്നുമില്ല. അവിടന്ന് പറഞ്ഞു: ഞാൻ നിങ്ങളിൽനിന്ന് വിടപറയാൻ പോകുകയാണ്. അപ്പോൾ അദ്ദേഹത്തിന്റെ മകൾ ഉമ്മുകുൽഥൂം പർദയുടെ പിന്നിൽനിന്ന് കരയാൻ തുടങ്ങി. അദ്ദേഹം അവരോടു പറഞ്ഞു: കരയാതിരിക്കുക. നീ ഞാൻ കാണുന്നത് കാണുകയാണെങ്കിൽ കരയരുത്. ഞാൻ പറഞ്ഞു: അമീറുൽ മുഅ്മിനീൻ! അങ്ങെന്താണ് കണ്ടുകൊണ്ടിരിക്കുന്നത്? പറഞ്ഞു: ഇത് മലക്കുകളുടേയും നബിമാരുടേയും സംഘമാണ്. മുഹമ്മദ് റസൂലുല്ലായും അവിടെ ഉണ്ട്. അവിടന്ന്(അതായത് നബി(സ)തിരുമേനി) പറയുന്നു:(അതായത് ഞാൻ ഒരു ദൃശ്യം കണ്ടുകൊണ്ടിരിക്കുകയാണ്. മലക്കുകളുടേയും നബിമാരുടേയും സംഘമുണ്ട്. നബി(സ)തിരുമേനിയും അവിടെയുണ്ട്. അവിടന്ന് അതായത് നബി(സ)തിരുമേനി പറയുന്നു): ‘ഏ അലീ! സന്തോഷിക്കുക. കാരണം ഏതു ഭാഗത്തേക്കാണോ താങ്കൾ പോകുന്നത് അത് താങ്കൾ ഇപ്പോൾ ഉള്ളതിനെക്കാൾ ഉത്തമമാണ്.’ ഒരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അലി തന്റെ വസ്വിയ്യത്തെഴുതി കഴിഞ്ഞപ്പോൾ പറഞ്ഞു:‘ഞാൻ നിങ്ങൾക്കെല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്‌മത്തുല്ലാഹി വ ബറക്കാത്തുഹു പറയുകയാണ്. അതിനുശേഷം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്യമല്ലാതെ മറ്റൊന്നും പറഞ്ഞില്ല. അങ്ങനെ അദ്ദേഹത്തിന്റെ ആത്മാവ് പിടിക്കപ്പെട്ടു.’(ഉസുദുൽഗാബ ലി മഅ്‌രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാല്യം 4, പേജ് 114–115, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)

ഹദ്റത്ത് അലി ബിൻ അബീത്വാലിബ്(റ) വഫാത്തായപ്പോൾ ഹദ്റത്ത് ഹസൻ ബിൻ അലി(റ) മിമ്പറിൽ കയറിനിന്ന് പറഞ്ഞു: ‘ജനങ്ങളേ! ഇന്നു രാത്രിയിൽ വഫാത്തായ വ്യക്തിയെ മുൻകടക്കാൻ മുമ്പേയുള്ള ആർക്കുംതന്നെ കഴിഞ്ഞിട്ടില്ല. ഇനി വരാനിരിക്കുന്ന ആർക്കും ആ പദവി കരസ്ഥമാക്കാൻ കഴിയുന്നതുമല്ല. ആ സ്ഥാനത്ത് എത്തുവാനും സാധ്യമല്ല. റസൂൽകരീം(സ) അദ്ദേഹത്തെ ഏതെങ്കിലും സൈന്യത്തിൽ അയക്കുമ്പോൾ ജിബ്‌രീൽ അദ്ദേഹത്തിന്റെ വലതുഭാഗത്തും മീഖായീൽ അദ്ദേഹത്തിന്റെ ഇടതുഭാഗത്തും ഉണ്ടാകുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കൈകളിൽ വിജയം നൽകാതെ അദ്ദേഹത്തിന് തിരിച്ചുവരേണ്ടതായി വന്നിട്ടില്ല. അദ്ദേഹം വെറും 700 ദിർഹമാണ് അനന്തരാവകാശമായി വിട്ടിട്ടുള്ളത്. ഈ പണം കൊണ്ട് അടിമകളെ വാങ്ങാമെന്നാണ് അദ്ദേഹം കരുതിയിരുന്നത്. ഹദ്റത്ത് ഈസാ(അ)ന്റെ ആത്മാവ് പിടിക്കപ്പെട്ട അതേ രാത്രിതന്നെയാണ് അദ്ദേഹത്തിന്റെ ആത്മാവും പിടിക്കപ്പെട്ടിട്ടുള്ളത്. അതായത് അനുഗൃഹീത റമളാൻ 27 ന്റെ രാത്രി. ഹദ്റത്ത് അലിയുടെ ശഹാദത്തിന്റെ തിയതി ഹിജ്റ 40 റമളാൻ 17 ന് രാത്രിയെന്നും മറ്റൊരു നിവേദനത്തിൽ വിവരിക്കുന്നുണ്ട്. ഇത് ഹിജ്റ 40–ാം വർഷമായിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടം 4 വർഷവും എട്ടരമാസവുമായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 28, ദിക്റു അലിയ്യ് ബിൻ അബീത്വാലിബ്(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990) (അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, ലി ഇബ്നി ഹജർ അസ്ഖലാനീ വാല്യം 4, പേജ് 468, ദിക്റു അലിയ്യ് ബിൻ അബീത്വാലിബ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ സംഭവം വിവരിക്കുന്നു: ത്വബഖാത്ത് ഇബ്നു സഅ്ദിന്റെ വാല്യം 3ൽ ഹദ്റത്ത് അലി കർറമല്ലാഹു വജ്ഹഹൂവിന്റെ വഫാത്തിന്റെ അവസ്ഥകളിൽ ഹദ്റത്ത് ഇമാം ഹസനിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു, അവിടന്ന് പറഞ്ഞു: ‘അല്ലയോ ജനങ്ങളേ! ഇന്ന് എങ്ങനെയുള്ള വ്യക്തിയാണ് വഫാത്തായിരിക്കുന്നതെന്നാൽ അദ്ദേഹത്തിന്റെ ചില കാര്യങ്ങൾവരെ മുമ്പേയുള്ളവർ എത്തിയിട്ടില്ല പിന്നീടു വരുന്നവർ എത്തുകയുമില്ല. നബി(സ)തിരുമേനി അദ്ദേഹത്തെ യുദ്ധം ചെയ്യാൻ അയക്കാറുണ്ടായിരുന്നു. അപ്പോൾ ജിബ്‌രീൽ അദ്ദേഹത്തിന്റെ വലതുഭാഗത്തും മീഖായീൽ അദ്ദേഹത്തിന്റെ ഇടതുഭാഗത്തും ഉണ്ടാകുമായിരുന്നു. അദ്ദേഹം വിജയം കരസ്ഥമാക്കാതെ തിരിച്ചുവന്നിരുന്നില്ല. അദ്ദേഹം 700 ദിർഹം മാത്രമാണ് അനന്തരാവകാശ സ്വത്തായി വിട്ടിട്ടുള്ളത്. അതുകൊണ്ട് ഒരു അടിമയെ വാങ്ങണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. ഹദ്റത്ത് ഈസാ(അ)ന്റെ ആത്മാവ് ആകാശത്തേക്ക് എടുക്കപ്പെട്ട രാത്രിതന്നെയാണ് അദ്ദേഹം വഫാത്തായത്. അതായത് റമളാനിലെ 27–ാം തിയതി.(ദഅ്‌വത്തുൽ അമീർ, അൻവാറുൽ ഉലൂം, വാല്യം 7, പേജ് 348–ൽ നിന്നെടുത്തത്)

ഹദ്റത്ത് അലിയെ അദ്ദേഹത്തിന്റെ രണ്ടു ആൺമക്കളും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഅ്ഫറുമാണ് കുളിപ്പിച്ചത്. അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് ഹസൻ ജനാസ നമസ്കരിപ്പിച്ചു. ജനാസ നമസ്കാരത്തിൽ നാലു തക്ബീറുകൾ ചൊല്ലി. മൂന്നു വസ്ത്രത്തിൽ കഫം പൊതിഞ്ഞു. അതിൽ ഖമീസ് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഖബ്റടക്കം ഇടയത്താഴത്തിന്റെ നേരത്താണ് നടന്നത്. ഹദ്റത്ത് അലിയുടെ പക്കൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ ശരീരത്തിൽ പുരട്ടിയിരുന്ന അനുഗൃഹീത കസ്തൂരിയുടെ ബാക്കിയായ കുറച്ചു കസ്തൂരി ഉണ്ടായിരുന്നുവെന്നു പറയപ്പെടുന്നുണ്ട്. ആ കസ്തൂരി തന്റെ മയ്യിത്തിൽ പുരട്ടണമെന്ന് ഹദ്റത്ത് അലി വസ്വിയ്യത്ത് ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ പ്രായത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. ചിലർ പറഞ്ഞത് അദ്ദേഹത്തിന് 57 വയസ്സായിരുന്നുവെന്നാണ്. ചിലർ പറയുന്നത് 58 ആണെന്നാണ്. ചിലർ പറയുന്നത് 65 ആണെന്നാണ്. ചിലർ പറയുന്നത് 63 ആണെന്നാണ്. ബഹുഭൂരിഭാഗത്തിന്റെ അഭിപ്രായം 63 വയസ്സു പറഞ്ഞിട്ടുള്ള നിവേദനമാണ് കൂടുതൽ ശരിയെന്നാണ്.(ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാല്യം 4, പേജ് 115, ദിക്റു അലി ബിൻ അബീ ത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)

ഹദ്റത്ത് അലിയുടെ ഖബ്ർ എവിടെയാണുള്ളത്? ഇതിനെ കുറിച്ചും ചോദ്യങ്ങൾ ഉയരുന്നുണ്ട്. ഇതിനെ കുറിച്ച് ചരിത്രഗ്രന്ഥങ്ങളിൽ പല നിവേദനങ്ങളും ലഭിക്കുന്നുണ്ട്. അതിങ്ങനെയാണ്. ഹദ്റത്ത് അലിയെ രാത്രിനേരത്ത് കൂഫയിൽ മറവടക്കി. അദ്ദേഹത്തിന്റെ ഖബ്റടക്കം രഹസ്യമാക്കിവച്ചു. ഹദ്റത്ത് അലിയെ കൂഫയിലെ ജാമിഅ മസ്ജിദിൽ ഖബ്റടക്കി. ഹദ്റത്ത് ഇമാം ഹസനും ഹദ്റത്ത് ഇമാം ഹുസയ്നും(റ) ഹദ്റത്ത് അലിയുടെ മയ്യിത്ത് മദീനയിലേക്ക് മാറ്റി. ഹദ്റത്ത് ഫാത്വിമായുടെ ഖബ്റിന്നരികെ ബഖീയിൽ ഖബ്റടക്കി. ഒരു നിവേദനം ഇങ്ങനെയുണ്ട്. അവരിരുവരും ഹദ്റത്ത് അലിയുടെ മൃതശരീരം ഒരു പെട്ടിയിൽവച്ച് ഒട്ടകത്തിനുമേൽ വെച്ചപ്പോൾ ഒട്ടകം കളഞ്ഞുപോയി. ആ ഒട്ടകത്തെ ത്വയ്യ് ഗോത്രക്കാർ പിടിച്ചു. അവർ ആ പെട്ടി ധനമാണെന്ന് കരുതി. പെട്ടിയിൽ മൃതശരീരമാണെന്ന് കണ്ടപ്പോൾ അവർക്ക് അത് തിരിച്ചറിയാൻ കഴിഞ്ഞില്ല. അവർ ആ പെട്ടിയോടുകൂടി മൃതശരീരം ഖബ്റടക്കി. ഹദ്റത്ത് അലിയുടെ ഖബ്ർ എവിടെയാണെന്ന് ആർക്കും അറിയില്ല. ഹദ്റത്ത് ഹസൻ ഹദ്റത്ത് അലിയെ കൂഫയിൽ ജഅ്ദ ബിൻ ഹുബയ്റായുടെ കുടുംബത്തിന്റെ ഏതോ മുറിയിൽ ഖബ്റടക്കി എന്ന വേറൊരു നിവേദനമുണ്ട്. ജഅ്ദ ബിൻ ഹുബയ്ർ ഹദ്റത്ത് അലിയുടെ സഹോദരീപുത്രനാണെന്നും പറയപ്പെടുന്നു.

ഇമാം ജഅ്ഫർ സ്വാദിഖ് പറയുന്നു: രാത്രിനേരത്ത് ഹദ്റത്ത് അലിയുടെ ജനാസ നമസ്കരിക്കപ്പെട്ടു. കൂഫായിൽ അദ്ദേഹത്തെ ഖബ്റടക്കി. അദ്ദേഹത്തിന്റെ ഖബ്റിന്റെ സ്ഥലം രഹസ്യമാക്കിവച്ചു. എങ്കിലും അത് 'ഖസ്വർഇമാറത്തി'ന്റെ(ഭരണമന്ദിരത്തിന്റെ)അടുത്തായിരുന്നു. മറ്റൊരു നിവേദനം ഇതാണ്. ഹദ്റത്ത് അലിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ഇമാം ഹസൻ ഹദ്റത്ത് അലിയുടെ ജനാസ നമസ്കരിപ്പിച്ചു. കൂഫയ്ക്കു വെളിയിൽ ഹദ്റത്ത് അലിയെ ഖബ്റടക്കി. ഖാരിജികൾ തുടങ്ങിയവർ അദ്ദേഹത്തിന്റെ ജനാസ അപമാനിക്കുമോ എന്ന ഭയത്താൽ അദ്ദേഹത്തിന്റെ ഖബ്ർ രഹസ്യമാക്കിവച്ചു. ചില ശിയാക്കൾ പറയുന്നത്, ഹദ്റത്ത് അലിയുടെ ഖബ്ർ നജ്ഫിൽ ഉണ്ടെന്നാണ്; ഇപ്പോൾ മശ്ഹദുന്നജ്ഫ് എന്നു പറയുന്ന സ്ഥലത്ത്. ഒരു നിവേദനമനുസരിച്ച് കൂഫയിൽ ഹദ്റത്ത് അലി ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഖബ്റിനെ കുറിച്ചു എവിടെയാണെന്ന് വിവരമൊന്നുമില്ല. ഹദ്റത്ത് അലിയുടെ വഫാത്തിനുശേഷം ഹദ്റത്ത് ഇമാം ഹസൻ ഹദ്റത്ത് അലിയുടെ ജനാസ നമസ്കരിപ്പിച്ചു. ഖാരിജികൾ അദ്ദേഹത്തിന്റെ ഖബ്റിനെ അപമാനിക്കുമോ എന്ന ഭയത്താൽ കൂഫയിലെ ദാറുൽ ഇമാറത്തിൽ ഹദ്റത്ത് അലിയെ ഖബ്റടക്കി.

അല്ലാമ ഇബ്നു അഥീർ എഴുതുന്നു: ഈ നിവേദനം പ്രസിദ്ധമാണ്. ആരാണോ അദ്ദേഹം മൃഗത്തിന്റെമേൽ വെക്കപ്പെട്ടുവെന്നും അത് അദ്ദേഹത്തെ കൊണ്ടുപോയെന്നും ആ മൃഗം എവിടെപ്പോയെന്നു ആർക്കും അറിയില്ലെന്നും പറയുന്നത് ശരിയല്ല. അവർ ഇതുസംബന്ധമായി കൃത്രിമം പ്രവർത്തിച്ചിരിക്കുന്നു. അതിനെ കുറിച്ച് അവർക്കു ഒരു അറിവുമില്ല. ബുദ്ധിയുമില്ല. ശരീഅത്താണെങ്കിൽ അതിനു അനുമതി നല്കുന്നതുമില്ല. അലിയുടെ ഖബ്ർ 'മശ്ഹദുന്നജഫിലുണ്ടെ'ന്നുള്ള വിശ്വാസം വെച്ചു പുലർത്തുന്നത് അജ്ഞരായ റവാഫിളുകാരാണ്. ഇക്കാര്യത്തിന് ഒരു തെളിവുമില്ല. അതിലൊരു യാഥാർഥ്യവുമില്ല. എന്നല്ല അവിടെ ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബയുടെ ഖബ്റാണുള്ളതെന്നാണ് പറയപ്പെടുന്നത്. (അൽഹിദായ വന്നിഹായ, വാള്യം 4, ഭാഗം 7, പേജ് 316–317, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2001)(താരീഖു ത്വബ്രി വാള്യം 3, പേജ് 477, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1987)

ഹദ്റത്ത് ഇബ്നുതീമിയ പറയുന്നു:'നജ്ഫിൽ മശ്ഹദ് എന്ന പേരിൽ പ്രസിദ്ധമായിട്ടുള്ള സ്ഥലം അത് അലിയുടെ ഖബ്റിന്റെ സ്ഥലമല്ലെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. പ്രത്യുത അത് ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബയുടെ ഖബ്റാണ്. അഹ്‌ലെ ബയ്ത്തും ശിയാക്കളും മറ്റു മുസ്‌ലിമീങ്ങളും കൂഫയിൽ അവരുടെ ഭരണം 300 വർഷത്തിലേറെ ഉണ്ടായിരുന്നിട്ടും ഇത് അലിയുടെ ഖബ്റാണെന്ന് പറഞ്ഞിട്ടില്ല. ഹദ്റത്ത് അലിയുടെ ശഹാദത്തിന് 300 വർഷത്തിനുശേഷം ഈ സ്ഥലത്തിന് മശ്ഹദു അലി എന്ന പേരു നല്കപ്പെട്ടതാണ്. അതുകൊണ്ട് ഇത് അലിയുടെ ഖബ്റാണെന്ന ഈ നിവേദനം തികച്ചും തെറ്റാണ്. (എൻസൈക്ലോപീഡിയ, സീറത്ത് സ്വഹാബ, വാള്യം 1, പേജ് 436, സയ്യിദുനാ അലിയ്യ് ബിൻ അബീത്വാലിബ്, ദാറുസ്സലാം രിയാള് ഹിജ്റ 1438)

ഇപ്രകാരംതന്നെ അല്ലാമ ജൂസി തന്റെ ചരിത്രഗ്രന്ഥത്തിൽ ഹദ്റത്ത് അലിയുടെ ഖബ്റിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങൾ –അവ മുകളിൽ വിവരിക്കപ്പെട്ടിട്ടുള്ളതാണ് എഴുതിയതിനുശേഷം എഴുതന്നു: വല്ലാഹു അഅ്‌ലമു അയ്യുൽ അഖ്‌വാലി അസ്വഹ്ഹു ഏതു വാക്യമാണ് കൂടുതൽ ശരിയും സ്വഹീഹുമെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ.(അൽമുൻതളിം വാള്യം 5, പേജ് 178, ഹിജ്റ 40, ഫസ്വൽ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്രുത്ത് 2012)

ഹദ്റത്ത് അലിയുടെ വിവാഹങ്ങളേയും മക്കളേയും സംബന്ധിച്ച് ഇങ്ങനെ വിവരം ലഭിക്കുന്നു. ഹദ്റത്ത് അലി(റ) വ്യത്യസ്ത സമയങ്ങളിൽ 8 വിവാഹങ്ങൾ കഴിച്ചിട്ടുണ്ട്. അവരുടെ പേരു ഇങ്ങനെയാണ്; ഫാത്വിമ ബിൻത് റസൂലുല്ലാഹി(സ), ഖൗല ബിൻത് ജഅ്ഫർ ബിൻ ഖയ്സ്, ലയ്‌ലാ ബിൻത് മസ്ഊദ് ബിൻ ഖാലിദ്, ഉമ്മുൽബനീൻ ബിൻത് ഹിസാം ബിൻ ഖാലിദ്, അസ്മാ ബിൻത് ഉമയ്സ്, സ്വഹ്ബാഅ് ഉമ്മു ഹബീബ് ബിൻത് റബീഅ, ഉമാമ ബിൻത് അബുൽആസ് ബിൻ റബീഅ്. ഇവർ നബി(സ)തിരുമേനിയുടെ മകളായ ഹദ്റത്ത് സയ്നബിന്റെ മകളും നബി(സ)തിരുമേനിയുടെ ദൗഹിത്രിയുമാണ്. ഉമ്മു സയീദ് ബിൻത് ഉർവ ബിൻ മസ്ഊദ് ഥഖഫീ. ഇവരിൽനിന്ന് അദ്ദേഹത്തിന് ഒരുപാട് മക്കളുണ്ടായിട്ടുള്ളത്. അവരുടെ എണ്ണത്തെ സംബന്ധിച്ച് മുപ്പതിലധികമെന്ന് പറയപ്പെടുന്നു.14 ആൺകുട്ടികളും 19 പെൺകുട്ടികളും. അവിടത്തെ സന്താനപരമ്പര ഹദ്റത്ത് ഹസൻ, ഹദ്റത്ത് ഹുസയ്ൻ, മുഹമ്മദ് ബിൻ ഹനഫിയ്യ, അബ്ബാസ് ബിൻ കിലാബിയ്യ, അംറ് ബിൻ ഥഗ്‌ലബിയ്യ എന്നിവരിൽനിന്നാണുണ്ടായിട്ടുള്ളത്. (അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 14, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)(സയ്യിദുനാ അലി ബിൻ അബീത്വാലിബ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബി മുത്തർരജിം പേജ് 82–83, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്, ജില്ല മുസഫർ ഗഢ്, പാകിസ്താൻ)

ഹദ്റത്ത് അലിയുടെ ശ്രേഷ്ഠതകളേയും സ്വഭാവങ്ങളേയും നന്മകളേയും കുറിച്ച് എഴുതുന്നു: ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അന മദീനത്തുൽ ഇൽമി വ അലിയ്യുൻ ബാബുഹാ ഫമൻ അറാദൽമദീനത്ത ഫൽയഅ്തിൽ ബാബ് ഞാൻ ജ്ഞാനത്തിന്റെ നഗരമാകുന്നു. അലി അതിന്റെ വാതിലാണ്. ആരാണോ ഈ നഗരത്തിലേക്ക് വരാൻ തീരുമാനിക്കുന്നത് അയാൾ അതിന്റെ വാതിലിൽ വരിക.' (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, ഭാഗം 3, പേജ് 339, നിവേദന നമ്പർ 4695, പ്രസാധകർ ദാറുൽഫിക്ർ 2002)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇക്കാര്യം വിവരിക്കുന്നു:'ഹദ്റത്ത് അലി(റ) ഒരിക്കൽ പറഞ്ഞു, സ്വഹാബിമാരിൽ കൂടുതൽ ധൈര്യശാലിയും ധീരനും ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു: ബദ്ർ യുദ്ധത്തിൽ നബി(സ)തിരുമേനിക്കുവേണ്ടി ഒരു പ്രത്യേക ഉയർന്ന തറ ഉണ്ടാക്കിയിരുന്നു. ആ നേരത്ത് നബി(സ)തിരുമേനിയുടെ സംരക്ഷണജോലി ആരെ ഏല്പിക്കും? എന്ന പ്രശ്നമുണ്ടായി. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ഊരിയ വാളുമെടുത്ത് എഴുന്നേറ്റുനിന്നു. അദ്ദേഹം ഏറ്റവും അപകടംപിടിച്ച അവസരത്തിൽ അങ്ങേയറ്റം തന്റേടത്തോടെ നബിയുടെ സംരക്ഷണത്തിന്റെ നിർബന്ധ കടമ നിർവഹിച്ചു. ഇപ്രകാരംതന്നെ ഹദീഥുകളിൽ വരുന്നുണ്ട്, നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: 'അന മദീനത്തുൽ ഇൽമി വ അലിയ്യുൻ ബാബുഹാ അതായത് ഞാൻ ജ്ഞാനത്തിന്റെ നഗരമാകുന്നു. അലി അതിന്റെ വാതിലാണ്. അതിനാൽ ഹദ്റത്ത് അലിയേയും നബി(സ)തിരുമേനി ഉലമാഇൽപ്പെട്ടയാളാണെന്ന് നിശ്ചയിച്ചു. എന്നാൽ, ഖയ്ബർ യുദ്ധത്തിൽ ഏറ്റവും അപകടകരമായ നേരത്ത് ഇസ്‌ലാമിന്റെ പതാക നബി(സ)തിരുമേനി അദ്ദേഹത്തിന്റെ കൈയിൽത്തന്നെയാണ് നല്കിയത്. ഇതിൽനിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനിയുടെ കാലത്തെ ഉലമാ ഭീരുക്കളായിരുന്നില്ലെന്നാണ്. എന്നല്ല ഏറ്റവും അധികം ധൈര്യശാലികളായിരുന്നു.'(തഫ്സീറെ കബീർ, വാള്യം 7, പേജ് 364–365)

ഉലമാഇന്റെ ധീരതയെ കുറിച്ചാണ് അവിടന്ന് ഇനി പറയുന്നത്. ഇതുസംബന്ധമായി ഈ സംഭവവും വിവരിച്ചിരിക്കുന്നു.

ഹദ്റത്ത് അലി(റ) വിവരിക്കുന്നു:' വിശപ്പു കാരണത്താൽ ഞാനെന്റെ വയറ്റിൽ കല്ലുവച്ചു കെട്ടിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് എന്റെ സ്വദഖ അതായത് സക്കാത്ത് 4000 ദീനാർവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു നിവേദനത്തിൽ 40,000 ദീനാറെന്നും പറഞ്ഞിട്ടുണ്ട്. അബൂ ബഹ്ർ തന്റെ ഒരു ഉസ്താദിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ ഹദ്റത്ത് അലിയെ തടിച്ച മുണ്ടു ഉടുത്തിരിക്കുന്നതായി കണ്ടു. അവിടന്ന് പറഞ്ഞു: ഞാനിത് അഞ്ചു ദിർഹമിന് വാങ്ങിയതാണ്. ആരാണോ എനിക്കിതിന് ഒരു ദിർഹം ലാഭം തരുന്നത് അയാൾക്ക് ഞാനിത് വില്ക്കുന്നതായിരിക്കും. നിവേദകൻ പറയുന്നു: ഞാൻ ഹദ്റത്ത് അലിയുടെ കൈയിൽ കുറച്ച് ദിർഹമിന്റെ സഞ്ചി കണ്ടു. അപ്പോൾ അവിടന്ന് പറഞ്ഞു: ഇത് യൻബുഅ് യിലെ സ്വത്തുക്കളിൽനിന്ന് നമ്മുടെ ബാക്കിയായ വീട്ടുചെലവാണ്. യൻബുഅ് ഒരു സ്ഥലമാണ്. അത് മദീനയിൽനിന്ന് ഏഴ് ദിവസത്തെ യാത്രാദൂരത്ത് സമുദ്രതീരഭാഗത്താണുള്ളത്.

അദ്ദേഹത്തിന്റെ മോതിരത്തിൽ, ഹദ്റത്ത് അലിയുടെ മോതിരത്തിൽ 'അല്ലാഹുൽമലിക്' എന്ന് കൊത്തിയിരുന്നു; അല്ലാഹു തന്നെയാണ് രാജാവ്.'(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, വാള്യം 4, പേജ് 97, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2003) (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 22, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 1990)(ലുഗാത്തുൽഹദീഥ്, വാള്യം 4, പേജ് 613, നുഅ്മാനീ കുതുബ്ഖാന ലാഹോർ 2005)

ജുമീഅ് ബിൻ ഉമയ്ർ വിവരിക്കുന്നു. ഞാൻ ഹദ്റത്ത് ആഇശയുടെ അടുത്ത് എന്റെ പിതൃസഹോദരിയുടെകൂടെ വന്നു. അപ്പോൾ അവർ ചോദിച്ചു: നബി(സ)തിരുമേനിക്ക് ആളുകളിൽ ഏറ്റവുമധികം ഇഷ്ടം ആരോടായിരുന്നു? ഹദ്റത്ത് ആഇശ(റ) പറഞ്ഞു: ഫാത്വിമ(റ). പിന്നീട് ചോദിച്ചു: പുരുഷന്മാരിൽ ആരാണ്? അവരുടെ ഭർത്താവ് അലി(റ).(സുനനുത്തിർമുദി, കിതാബുൽമനാഖിബു, ബാബു മാ ജാഅ ഫീ ഫള്‌ലി ഫാത്വിമത്ത(റ) ഹദീഥ് നമ്പർ 3874)

ഹദ്റത്ത് ഥഅ്ലബ ബിൻ അബൂമാലിക്(റ) വിവരിക്കുന്നു: ഹദ്റത്ത് സഅ്ദ് ബിൻ അബൂ ഉബാദ എല്ലാ യുദ്ധരംഗത്തും നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്നുള്ള ധ്വജവാഹകനായിരുന്നു. എന്നാൽ, യുദ്ധത്തിന്റെ സമയം വരുമ്പോൾ ഹദ്റത്ത് അലി ബിൻ അബീത്വാലിബ് കൊടി

താങ്ങിപിടിക്കുമായിരുന്നു. (ഉസുദുൽഗാബ ലിമഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, വാല്യം 4, പേജ് 93, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽഫിക്ർ ലിത്ത്വബാഅത്തി വന്നശ്രി വത്തൗസീയി ബെയ്റുത്ത് 2003)

ഥഖീഫ് ഗോത്രത്തിലെ ഒരാൾ വിവരിച്ചു: 'ഹദ്റത്ത് അലി എന്നെ സാബൂർ പ്രദേശത്തെ സക്കാത്ത് പിരിക്കുന്ന ഉദ്യോഗസ്ഥനാക്കി. സാബൂർ പേർഷ്യയിലുള്ള ഒരു പ്രദേശമാണ്. അത് ശീറാസിൽനിന്ന് ഏകദേശം 75 മൈൽ ദൂരത്താണ്. അദ്ദേഹത്തോടുപറഞ്ഞു, ഒരു ദിർഹം ടാക്സ് കാരണത്താൽ ആരേയും ചമ്മട്ടി അടിക്കരുത്. ആളുകളുടെ ജീവിതവിഭവത്തിന്റെ പിന്നാലെ കൂടരുത്. തണുപ്പ് കാലത്തും ചൂടുകാലത്തും അവരുടെ വസ്ത്രങ്ങളുടെ പിന്നാലെയും കൂടരുത്. അതായത് വസ്ത്രം ഊരിപ്പോകുംവിധം കരം പിരിക്കരുത്. ആരിൽനിന്നും അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മൃഗങ്ങളേയും വാങ്ങരുത്. ആരോടെങ്കിലും ഒരു ദിർഹം ചോദിച്ച് അയാളെ എഴുന്നേല്പിച്ചു നിറുത്തരുത്. അതായത് ഏത് കരം വാങ്ങണമെങ്കിലും ജിസ്യ(കപ്പം) വാങ്ങണമെങ്കിലും ഒരു തരത്തിലും ബുദ്ധിമുട്ടിക്കരുത്. അവരുടെമേൽ ഭാരമിടരുത്. ഞാൻ പറഞ്ഞു: 'യാ അമീറൽ മുഅ്മിനീൻ! അങ്ങനെയായാൽപ്പിന്നെ ഞാൻ അങ്ങയുടെ അടുത്തുനിന്ന് പോകുന്നതുപോലെ തിരിച്ചുവരേണ്ടിവരും. ഒന്നുംതന്നെ കിട്ടുകയില്ല.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'താങ്കൾക്കു നല്ലതു വരട്ടെ. അതേ. താങ്കൾ വെറും കൈയോടെ മടങ്ങിയാലും വേണ്ടില്ല, ജനങ്ങൾക്ക് അവരുടെ ആവശ്യത്തിൽ കവിഞ്ഞ സ്വത്തിൽനിന്ന് വാങ്ങാനാണ് നമുക്ക് കല്പന നല്കപ്പെട്ടിട്ടുള്ളത്.(ഉസുദുൽഗാബ ലിമഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, വാല്യം 4, പേജ് 98, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽഫിക്ർ ലിത്ത്വബാഅത്തി വന്നശ്രി വത്തൗസീയി ബെയ്റുത്ത് 2003)(മുഅ്ജമുൽ ബുൽദാൻ, വാല്യം 3, പേജ് 188)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'നീ എന്റെ സഹോദരനും എന്റെ സുഹൃത്തുമാകുന്നു.'(കൻസുൽഉമ്മാൽ വാല്യം 13, പേജ് 109, ഹദീഥ് 36358, ഫളാഇൽ അലി, മുഅസ്സസത്തുർരിസാല1981).

ഹദ്റത്ത് അലി ബിൻ റബീഅ യിൽനിന്ന് നിവേദനം. 'ഞാൻ ഹദ്റത്ത് അലിയുടെ അടുത്തുണ്ടായിരുന്നു. അദ്ദേഹത്തിനുവേണ്ടി ഒരു മൃഗത്തെ കൊണ്ടുവന്നപ്പോൾ; അതിൽ യാത്ര ചെയ്യാൻ. അദ്ദേഹം പാദഗ്രഹിണിയിൽ കാലു വെച്ചപ്പോൾ മൂന്നു പ്രാവശ്യം ബിസ്മില്ലാഹ് പറഞ്ഞു. അതിന്റെ പുറത്ത് നേരെ ഇരുന്നപ്പോൾ അൽഹംദുലില്ലാഹ് പറഞ്ഞു. പിന്നീട് പറഞ്ഞു: **സുബ്ഹാനല്ലദീ സഖ്ഖറലനാ ഹാദാ വമാ കുന്നാ ലഹൂ മുഖ്രിനീൻ വ ഇന്നാ ഇലാ റബ്ബിനാ ലമുൻഖലിബൂൻ** ഇതിനെ ഞങ്ങൾക്കു കീഴ്പ്പെടുത്തിത്തന്നവൻ പരിശുദ്ധനാണ്. ഇതിനെ കീഴ്പ്പെടുത്താൻ ഞങ്ങൾക്ക് കഴിവുണ്ടായിരുന്നില്ല. തീർച്ചയായും ഞങ്ങളുടെ നാഥനിലേക്കാണ് ഞങ്ങളുടെ മടക്കം.(43:24-25). പിന്നീട് അദ്ദേഹം മൂന്നുപ്രാവശ്യം അൽഹംദുലില്ലായും മൂന്നുപ്രാവശ്യം അല്ലാഹു അക്ബറും പറഞ്ഞു. പിന്നീട് അദ്ദേഹം ഈ ദുആ ചെയ്തു: **സുബ്ഹാനക്ക ഇന്നീ ഖദ് ള്വലംതു നഫ്സീ ഫഗ്ഫിർലീ ഫഇന്നഹൂ ലാ യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത**. നീ പരിശുദ്ധനാകുന്നു. തീർച്ചയായും ഞാനെന്റെ ജീവനോടു അക്രമം ചെയ്തു. അതിനാൽ എനിക്ക് പൊറുത്തുതന്നാലും. കാരണം നിന്നെക്കൂടാതെ പാപം പൊറുക്കുന്നവനായി ആരുമില്ല. പിന്നീട് അവിടന്ന്(റ) പുഞ്ചിരിച്ചു. നിവേദകൻ പറയുന്നു: 'ഞാൻ ചോദിച്ചു, യാ അമീറൽ മുഅ്മിനീൻ! അങ്ങ് പുഞ്ചിരിച്ചതെന്തിനാണ്? അവിടന്ന് പറഞ്ഞു:ഞാൻ ചെയ്തതുപോലെ നബി(സ)തിരുമേനി ചെയ്യുന്നത് കണ്ടിരുന്നു. പിന്നീട് അവിടന്ന് പുഞ്ചിരിക്കുകയും ചെയ്തു. ഹദ്റത്ത് അലി(റ) പറയുന്നു: പിന്നീട് ഞാൻ ചോദിച്ചു: യാ റസൂലല്ലാഹ്! അങ്ങ് എന്തിനാണ് പുഞ്ചിരിച്ചത്? അപ്പോൾ അവിടന്ന് പറഞ്ഞു:'എന്റെ നാഥാ! എന്റെ പാപം പൊറുത്തുതന്നാലും. തീർച്ചയായും നിന്നെക്കൂടാതെ പാപം പൊറുക്കുന്നവനായി ആരുമില്ലെന്ന് പറയുമ്പോൾ തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ ദാസരിൽ വളരെ സന്തോഷിക്കുന്നു.' ഇക്കാര്യത്തിലാണ് ഞാനും പുഞ്ചിരിച്ചത്.(ജാമിഉത്തിർമുദി, അബ്വാബുദ്ദഅ്വാത്ത്, ബാബു മാ യഖൂലു ഇദാ റകിബ ദാബ്ബത്തിൻ, ഹദീഥ് നമ്പർ 3446)

യഹ്യാ ബിൻ യഅ്മുർ നിവേദനം: ഒരു പ്രാവശ്യം ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് പ്രസംഗിച്ചു. അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തതിനുശേഷം അവിടന്ന് പറഞ്ഞു: അല്ലയോ ജനങ്ങളേ! നിങ്ങൾക്കുമുമ്പേയുള്ളവർ പാപങ്ങൾക്കു ഇരയായതുകൊണ്ടുമാത്രമാണ് നശിച്ചത്. അവരിലെ നല്ല ആളുകളും പണ്ഡിതന്മാരും അവരെ അതിൽനിന്ന് തടഞ്ഞിരുന്നു. പിന്നീട് അവർ പാപങ്ങളിൽ അതിർ കടന്നപ്പോൾ അവരെ പലതരത്തിലുമുള്ള ശിക്ഷകളും പിടികൂടി. അതുകൊണ്ട് നിങ്ങൾ നന്മകൾ കല്പക്കുക. തിന്മകളിൽനിന്ന് തടയുക; അതുപോലുള്ള ശിക്ഷ നിങ്ങൾക്കും വരുന്നതിനുമുമ്പേ. നന്മ കല്പിക്കുക എന്നതും തിന്മയെ തടയുക എന്നതും നിങ്ങളുടെ ജീവിതം നഷ്ടപ്പെടുത്തുകയോ നിങ്ങളുടെ മരണത്തെ അടുത്തുകൊണ്ടുവരികയോ ഇല്ല.(തഫ്സീറുൽ ഖുർആനുൽ അളീം ലിഇബ്നി കഥീർ വാല്യം 3, പേജ് 132, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 1998)

ഹദ്റത്ത് ജാബിർ(റ)നിവേദനം. ഒരു പ്രാവശ്യം ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം ഒരു അൻസ്വാരി സ്ത്രീയുടെ വീട്ടിലായിരുന്നു. അവർ നബി(സ)തിരുമേനിക്കുവേണ്ടി ഭക്ഷണം തയ്യാറാക്കിയിരുന്നു. ഭക്ഷണത്തിന് ക്ഷണിച്ചിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഇപ്പോൾ നിന്റെ അടുത്തു ഒരു സ്വർഗവാസി വരുന്നതാണ്. അതിനുശേഷം ഹദ്റത്ത് അബൂബക്ർ(റ) പ്രവേശിച്ചു. അപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് ആശംസകൾനേർന്നു.' പിന്നീട് നബി(സ) വീണ്ടും പറഞ്ഞു: 'ഇപ്പോൾ നിന്റെ അടുത്തു ഒരു സ്വർഗവാസി വരുന്നതാണ്.' അതിനുശേഷം ഹദ്റത്ത് ഉമർ(റ) പ്രവേശിച്ചു. അപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് ആശംസകൾ നേർന്നു. പിന്നീട് മൂന്നാംവട്ടം അവിടന്ന് പറഞ്ഞു: 'ഇപ്പോൾ നിന്റെ അടുത്തു ഒരു സ്വർഗവാസി വരുന്നതാണ്.' നിവേദകൻ പറയുന്നു: 'ആ നേരത്ത് നബി(സ)തിരുമേനി തന്റെ ശിരസ് ഈന്തപ്പനയുടെ ഒരു ചെറിയ തൈയുടെ താഴെ മറച്ചുവെച്ചിരിക്കുകയും, അല്ലാഹുവേ! നീ ഇച്ഛിക്കുകയാണെങ്കിൽ ഈ വരുന്നയാൾ അലിയാകേണമേ എന്ന് പറയുകയും ചെയ്യുകയായിരുന്നു. പിന്നീട് ഹദ്റത്ത് അലി പ്രവേശിക്കുകയും ഞങ്ങൾ അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്തു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5, പേജ് 107, മുസ്നദ് ജാബിർ ബിൻ അബ്ദുല്ലാഹ്, ഹദീഥ് 14604, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: സ്വർഗം മൂന്നാളുകളെ വളരെയധികം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അവരാണ് അലി(റ), അമ്മാർ(റ), സൽമാൻ(റ). (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, ഭാഗം 3, പേജ് 348, കിതാബു മുഅ്രിഫത്തുസ്സ്വഹാബ, ദിക്റു ഇസ്ലാം അമീറുൽമുഅ്മിനീൻ അലി, നിവേദന നമ്പർ 4724, പ്രസാധകർ ദാറുൽഫിക്ർ 2002)

അബൂ ഉഥ്മാൻ നഹ്ദീ നിവേദനം. ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഒരിക്കൽ നബി(സ)തിരുമേനി എന്റെ കൈ താങ്ങിപിടിച്ചിരിക്കുകയായിരുന്നു. ഞങ്ങൾ മദീനയിലെ ഒരു ഇടവഴി കടന്ന് ഒരു തോട്ടത്തിന്റെ അടുത്തെത്തി. ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഈ തോട്ടം എത്രമാത്രം മനോഹരമാണ്. നബി(സ)തിരുമേനി പറഞ്ഞു: 'നിനക്ക് സ്വർഗത്തിൽ ഇതിനെക്കാൾ കൂടുതൽ മനോഹരമായ തോട്ടമുണ്ട്.'(അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, വാല്യം 3, പേജ് 349-350, കിതാബു മഅ്രിഫത്തുസ്സ്വഹാബ, ദിക്റു ഇസ്ലാം അമീറുൽമുഅ്മിനീൻ അലി, നിവേദന നമ്പർ 4730, പ്രസാധകർ ദാറുൽ ഫിക്ർ 2002).

ഹദ്റത്ത് അമ്മാർ ബിൻ യാസിർ വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനി ഹദ്റത്ത് അലിയോടു ഇങ്ങനെ പറയുന്നതായി കേട്ടു. 'ഏ അലീ! അല്ലാഹു നിനക്ക് ഒരു സവിശേഷ ഗുണം ദാനം ചെയ്തിരിക്കുന്നു. അതിനെക്കാൾ ഉത്തമമായ സവിശേഷ ഗുണം അവൻ തന്റെ ദാസരിൽ ആർക്കുംതന്നെ പ്രദാനം ചെയ്തിട്ടില്ല. അത് ദുൻയാവിനോടുള്ള വിരക്തിയാണ്. നിന്നെ അല്ലാഹു എങ്ങനെ സൃഷ്ടിച്ചിരിക്കുന്നുവെന്നാൽ ദുൻയാവിൽനിന്ന് നീ ഒന്നും എടുക്കുന്നില്ല, ദുൻയാവ് നിന്നിൽ നിന്നും ഒന്നുമെടുക്കുന്നുമില്ല. അതായത് നിനക്ക് ദുൻയാവിനോടോ ദുൻയാവിലെ വസ്തുക്കളോടൊ ഒരു ആഗ്രഹവുമില്ല. ദുൻയാവിനെ ആഗ്രഹിക്കുന്നയാളുകൾ നീയുമായി ബന്ധം വെക്കാനും ആഗ്രഹിക്കുന്നില്ല. ഇപ്രകാരം അല്ലാഹു നിനക്ക് മിസക്കീന്മാരോടുള്ള സ്നേഹം പ്രദാനം ചെയ്തിരിക്കുന്നു. അവർ നിന്നെ തങ്ങളുടെ ഇമാമാക്കി സന്തോഷത്തിലാണ്. നീ അവരെ നിന്റെ അനുയായികളാക്കി സന്തോഷവാനാണ്. അതിനാൽ നിന്നെ സ്നേഹിക്കുകയും നിന്നെ കുറിച്ച് സത്യം പറയുകയും ചെയ്യുന്നയാൾക്കും സുവിശേഷമായിരിക്കട്ടെ. നിന്നോടു വെറുപ്പ് കാണിക്കുന്നവനും നിനക്കെതിരിൽ കളവു പറയുന്നവനും നാശം. നിന്നെ സ്നേഹിക്കുകയും നിന്നെ കുറിച്ച് സത്യം പറയുകയും ചെയ്യുന്നവൻ സ്വർഗത്തിൽ നിന്റെ അയൽവാസിയും നിന്റെ കൊട്ടാരത്തിൽ നിന്റെ കൂട്ടുകാരനുമായിരിക്കും. നിന്നെ വെറുക്കുന്നവരുടേയും നിന്നെ കുറിച്ച് കളവുപറയുന്നവരുടേയും ഉത്തരവാദിത്വം അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നു. ഖിയാമത്തുനാൾ അല്ലാഹു അവനെ കൊടുംകളവു പറയുന്നവരുടെ സ്ഥലത്ത് അവരെ നിറുത്തുന്നതായിരിക്കും.(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, വാല്യം 4, പേജ്

## ഹദീഥുന്നബ്വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**
**(സ്വഹീഹ് മുസ്ലിം)**

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**
**(വിശുദ്ധ ഖുർആൻ 51:57)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

96-97, ദിക്റു അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2003)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു, സ്വർഗത്തിൽ ഏതൊരു പദവിയിലാണോ ഞാനുണ്ടായിരിക്കുന്നത് അതേ പദവയിൽത്തന്നെയായിരിക്കും അലിയും ഫാത്വിമയും.'(ബർക്കാത്തെ ഖിലാഫത്ത്, അൻവാറുൽഉലൂം വാല്യം 2, പേജ് 254)

ഹദ്റത്ത് അലി അശ്റമുബശ്ശറയിൽപ്പെട്ട ആളാണെന്നതിനെ സംബന്ധിച്ച് പറയുന്നുണ്ട്. അതായത് നബി(സ)തിരുമേനി തന്റെ പരിപവിത്രമായ അധരത്തിലൂടെ ഈ ലോകത്തുവെച്ചുതന്നെ സ്വർഗസ്ഥരാണെന്ന് സന്തോഷവാർത്ത അറിയിച്ച 10 പേർ. ഹദ്റത്ത് സയീദ് ബിൻ സയ്ദ് വിവരിക്കുന്നു. ഞാൻ 9 പേർ സ്വർഗവാസികളാണെന്നതിനെ സംബന്ധിച്ച് സാക്ഷ്യം പറയുന്നു. ഞാൻ 10-ാമത്തെ ആളെകുറിച്ചും ഇവിടെ പറഞ്ഞാൽ അതായത് സാക്ഷ്യം പറഞ്ഞാൽ പാപിയാകുകയില്ല. അതെങ്ങനെ എന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു, ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം ഹിറാമലയിലായിരുന്നു. അതിളകാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഹിറാ! ഇളകാതിരിക്കുക. തീർച്ചയായും നിന്റെമേൽ ഒരു നബി അല്ലെങ്കിൽ സിദ്ദീഖ് അല്ലെങ്കിൽ ശഹീദാണുള്ളത്.' ആരോ ചോദിച്ചു: സ്വർഗവാസികളായ ആ പത്തുപേർ ആരൊക്കെയാണ്? ഹദ്റത്ത് സയീദ് ബിൻ സയ്ദ് പറഞ്ഞു: ഒന്ന് നബി(സ)തിരുമേനി തന്നെ, അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ), അലി(റ), ത്വൽഹ(റ),സുബയ്ർ(റ), സഅ്ദ്(റ), അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ). ചോദിക്കപ്പെട്ടു, പത്താമത്തെയാൾ ആരാണ്? അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ് പറഞ്ഞു:'അത് ഞാൻ തന്നെയാണ്.' (സുനനുത്തിർമുദി അബ്‌വാബുൽ മനാഖിബ്, ഹദീഥ് 3757)

ഇനി പറയാൻ പോകുന്ന സംഭവം മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. പക്ഷേ, പക്ഷേ, ആത്മാവിനെ നിയന്ത്രിച്ചുവെക്കുന്നതിനും അഹങ്കാരം അകറ്റുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതാണ്. അതുകൊണ്ടാണ് ഞാൻ വീണ്ടും അതിവിടെ പറയുന്നത്. പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് അലി കർറമല്ലാഹു വജ്ഹഹൂ ഒരു ശത്രുവുമായി പോരാടുകയായിരുന്നു. അല്ലാഹുവിനുവേണ്ടി മാത്രമാണ് പോരാടിയത്. അയാളെ തന്റെ താഴെ വീഴ്ത്തി. അയാളുടെ നെഞ്ചത്ത് കയറിയിരുന്നു. അയാൾ പൊടുന്നനെ ഹദ്റത്ത് അലിയുടെ മുഖത്ത് തുപ്പി. പെട്ടെന്നുതന്നെ ഹദ്റത്ത് അലി അയാളുടെ നെഞ്ചിൽനിന്ന് ഇറങ്ങി. അയാളെ വെറുതെ വിട്ടു. കാരണം ഇതുവരെ ഞാൻ അല്ലാഹുവിനുവേണ്ടിമാത്രമാണ് യുദ്ധം ചെയ്തത്. പക്ഷേ, നീ എന്റെ മുഖത്ത് തുപ്പിയപ്പോൾ എന്റെ ശരീരേച്ഛയുടെ ഒരു ഭാഗവും അതിൽ വന്നുപോയി. അതുകൊണ്ട് എന്റെ ശരീരേച്ഛയ്ക്കുവേണ്ടി നിന്നെ വധിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇതിൽനിന്ന് അദ്ദേഹം തന്റെ ശത്രുവിനെ തന്റെ ശത്രുവായിട്ടല്ല കണ്ടിരുന്നതെന്ന് നല്ലവണ്ണം മനസ്സിലാകുന്നു. അത്തരം പ്രകൃതിയും ശീലവും സ്വന്തമുള്ളിൽ ഉണ്ടാക്കേണ്ടതാണ്.' അവിടന്ന് ജമാഅത്തിനെ ഉപദേശിക്കുന്നു, 'ശരീരേച്ഛയുടെ ആശയ്ക്കും ഉദ്ദേശ്യത്തിനുംവേണ്ടി ആരെയെങ്കിലും ദുഃഖിപ്പിക്കുകയും ശത്രുതയുടെ പരമ്പര വിശാലമാക്കുകയും ചെയ്യുന്നവനെക്കാൾ അല്ലാഹുവിനെ വെറുപ്പിക്കുന്ന മറ്റെന്തു കാര്യമാണുള്ളത്?'(മൽഫൂദാത്ത് വാല്യം 8, പേജ് 105)

പിന്നീട് അവിടന്ന് മറ്റൊരു അവസരത്തിൽ വിശദമായി പറഞ്ഞു: അതിൽ കുടുതൽ വെളിച്ചം വീശി. പറയുന്നു: ശരീരേച്ഛയുടെ ആവേശവും ദൈവികാവേശവും തമ്മിൽ വ്യത്യാസപ്പെടുത്തുന്നതിന് ഹദ്റത്ത് അലി(റ)യുടെ ഒരു സംഭവത്തിൽനിന്ന് പാഠം കരസ്ഥമാക്കുക. എഴുതിയിരിക്കുന്നു: ഹദ്റത്ത് അലിയും ഒരു കാഫിർ ഫൈൽവാനും തമ്മിൽ യുദ്ധമുണ്ടായി. പല പ്രാവശ്യവും അലി അയാളെ കീഴ്പെടുത്തിയിരുന്നു. അയാൾ അതിൽനിന്ന് രക്ഷപ്പെടുമായിരുന്നു. അവസാനം അയാളെ പിടിച്ച് നല്ലവണ്ണം കീഴടക്കി. അയാളുടെ നെഞ്ചിൽ കയറിയിരുന്നു. കഠാരകൊണ്ട് അയാളുടെ കഥകഴിക്കാൻ തുടങ്ങുകയായിരുന്നു. അപ്പോൾ അയാൾ താഴെ കിടന്ന് അലിയുടെ മുഖത്ത് തുപ്പി. അയാൾ അങ്ങനെ ചെയ്തപ്പോൾ ഹദ്റത്ത് അലി അയാളുടെ നെഞ്ചിൽനിന്ന് ചാടി ഇറങ്ങിനിന്നു. അയാളെ വിട്ടു. വേർപിരിഞ്ഞു. അപ്പോൾ അയാൾ അത്ഭുതപ്പെട്ടു. ഹദ്റത്ത് അലിയോടു ചോദിച്ചു, താങ്കൾ എത്ര ബുദ്ധിമുട്ടിയാണ് എന്നെ പിടിച്ചത്. ഞാൻ താങ്കളുടെ വർഗശത്രുവാണ്. രക്തത്തിന് ദാഹിക്കുന്നവനാണ്. പിന്നെന്തിനാണ് എന്നെ കാഴ്പ്പെടുത്തിയിട്ട് എന്നെ വിട്ടത്? ഇതെന്താണ് കാര്യം? ഹദ്റത്ത് അലി പറഞ്ഞു: ഞങ്ങൾക്ക് നിങ്ങളുമായി വ്യക്തിപരമായ ശത്രുതയൊന്നുമില്ല. താങ്കൾ മതത്തിനോടുള്ള എതിർപ്പു കാരണത്താൽ മുസ്‌ലിമീങ്ങളെ പീഢിപ്പിക്കുകയാണ്. അതുകാരണം താങ്കൾ വധാർഹനാണ്. ഞാൻ മതകാരണം ഒന്നുകൊണ്ടുമാത്രമാണ് താങ്കളെ പിടിച്ചത്. പക്ഷേ, താങ്കൾ എന്റെ മുഖത്ത് തുപ്പിയപ്പോൾ എനിക്ക് ദേഷ്യം വന്നു. അപ്പോൾ എന്റെ ശരീരേച്ഛ ഇടയക്കുവന്നുവെന്ന് ഞാൻ വിചാരിച്ചു. അപ്പോൾ ഇയാളോടു ഒന്നും പറയുന്നത് അനുവദനീയമല്ല. നമ്മുടെ ഒരു ജോലിയും സ്വന്തം ശരീരേച്ഛയ്ക്കുവേണ്ടിയാകരുത്. എന്തും അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം. എന്റെ ഈ അവസ്ഥയിൽ മാറ്റം വരുമ്പോൾ, ദേഷ്യം അകലുമ്പോൾ പിന്നീട് ആ രീതിതന്നെ താങ്കളോടു തുടരുന്നതായിരിക്കും. ഇക്കാര്യം കേട്ട് ആ കാഫിറിന്റെ മനസ്സിൽ എത്രമാത്രം സ്വാധീനം വന്നുവെന്നാൽ കുഫ്ർ അയാളുടെ മനസ്സിൽനിന്ന് പുറത്തുപോയി. ഇതിനെക്കാൾ വലുത് മറ്റേതു മതമാണ് ലോകത്തുള്ളതെന്ന് അയാൾ ചിന്തിച്ചു. അതിന്റെ അധ്യാപനത്തിന്റെ സ്വാധീനത്താൽ മനുഷ്യൻ പരിശുദ്ധനായിത്തീരുന്നു. അയാൾ ആസമയം തൗബ ചെയ്യുകയും മുസ്‌ലിമാകുകയും ചെയ്തു.'(മൽഫൂദാത്ത് വാല്യം 9, പേജ് 219)

ഇതാണ് യഥാർഥ തഖ്‌വാ. അത് ഫലവും കൊണ്ടുവരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഉം യഹൂദിയുമായുള്ള ഹദ്റത്ത് അലിയുടെ പോരാട്ട സംഭവം ഏറ്റക്കുറച്ചിലോടെ ഇങ്ങനെ വിവരിച്ചിട്ടുണ്ട്. പറയുന്നു: 'ഹദ്റത്ത് അലി(റ) ഒരു യുദ്ധത്തിൽ പങ്കെടുത്തിരുന്നു. വളരെ കുറച്ചു പേർക്കുമാത്രം നേരിടാൻ കഴിയുന്ന ഒരു വലിയ ശത്രു ഹദ്റത്ത് അലിയുടെ എതിരിൽ വന്നു. മണിക്കൂറുകളോളം ആ യഹൂദി ഫയൽമാനും ഹദ്റത്ത് അലിയും തമ്മിൽ പോരാട്ടം നടന്നു. മണിക്കൂറുകളുടെ പോരാട്ടത്തിനുശേഷം അദ്ദേഹം ആ യഹൂദിയെ താഴെയിട്ടു. അയാളുടെ നെഞ്ചിൽ കയറി ഇരുന്നു. കഠാരകൊണ്ട് അയാളുടെ കഴുത്തുമുറിക്കാൻ തീരുമാനിച്ചു. പെട്ടെന്ന് ആ യഹൂദി ഹദ്റത്ത് അലിയുടെ മുഖത്ത് തുപ്പി. അവിടന്ന് അയാളെ വിട്ടിട്ട് നേരെ നിന്നു. ആ യഹൂദി വല്ലാതെ അത്ഭുതപ്പെട്ടുപോയി. പറഞ്ഞു: ഇതു അത്ഭുതം തന്നെ. മണിക്കൂറുകളുടെ പോരാട്ടത്തിനൊടുവിലാണ് അയാൾ എന്നെ കീഴ്പെടുത്തിയത്. ഇപ്പോൾ ക്ഷണത്തിൽ എന്നെ വെറുതെ വിട്ടിരിക്കുന്നു. ഇത് താങ്കൾ എന്തു വിഡ്ഢിത്തമാണ് ചെയ്തത്? ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഞാൻ വിഡ്ഢിത്തമൊന്നും ചെയ്തിട്ടില്ല. ഞാൻ നിന്നെ വീഴ്ത്തിയപ്പോൾ നീ എന്റെ മുഖത്ത് തുപ്പി. അപ്പോൾ അവനെന്തിനാണ് എന്റെ മുഖത്ത് തുപ്പിയതെന്ന് വിചാരിച്ച് പൊടുന്നനെ എനിക്ക് കോപംവന്നു. അതിനോടൊപ്പം തന്നെ ഞാൻ വിചാരിച്ചു ഇതുവരെ ഞാൻ ചെയ്തതെല്ലാം അല്ലാഹുവിനുവേണ്ടിയായിരുന്നു. ഇതിനുശേഷം ഞാൻ യുദ്ധം തുടരുകയാണെങ്കിൽ നിന്റെ അവസാനം എന്റെ ആത്മാവിന്റെ കോപം കാരണത്താലായിരിക്കും.' അതായത് ഹദ്റത്ത് അലി പറഞ്ഞു:ഈ യഹൂദിയുടെ പര്യവസാനം അല്ലാഹുവിനുവേണ്ടിയല്ലാതെ എന്റെ വ്യക്തിപരമായ കോപം കാരണത്താലുമാകാം. അതുകൊണ്ട് ഇപ്പോൾ നിന്നെ വിടുന്നതാണ് നല്ലതെന്ന് ഞാൻ വിചാരിച്ചു. ദേഷ്യം തീരുമ്പോൾ പിന്നീട് അല്ലാഹുവിനുവേണ്ടി നിന്നെ വീഴ്ത്തുന്നതാണ്.' (അഹ്മദിയ്യത്ത് ദുൻയാ മെ ഇസ്‌ലാമീ തഅ്ലീം വ തമുദ്ദുൻ..... അൻവാറുൽഉലൂം വാല്യം 16, പേജ് 132)

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഈ സമയത്ത് ഞാൻ മറ്റൊരുകാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. ഇന്ന് പുതുവർഷത്തിന്റെ ആദ്യത്തെ ദിവസവും ആദ്യത്തെ ജുമുഅയുമാകുന്നു. ദുആചെയ്യുക. അല്ലാഹു ഈ വർഷം ജമാഅത്തിനും ലോകത്തിനും മനുഷ്യത്വത്തിനും അനുഗൃഹീതമാക്കിതീർക്കുമാറാകട്ടെ. നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് മുമ്പേയുള്ളതിനെക്കാളുപരി അല്ലാഹുവിലേക്ക് കുനിയുന്നവരും നമ്മുടെ ഇബാദത്തുകളുടെ നിലവാരങ്ങൾ ഉയർത്തുന്നവരുമായിത്തീരട്ടെ. ഭൗതികരായ ആളുകളും തങ്ങളുടെ ജീവിതലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ കടമകൾ നിർവഹിക്കുന്നവരായിത്തീരട്ടെ. പരസ്പരം അവകാശങ്ങൾ ധ്വംസിക്കുന്നതിനു പകരം അല്ലാഹുവിന്റെ കല്പനകൾ നിറവേറ്റിക്കൊണ്ട് പരസ്പരം അവകാശങ്ങൾ നൽകുന്നവരായിത്തീരട്ടെ. ഇല്ലെങ്കിൽപ്പിന്നെ തന്റേതായ നിലയിൽ ഭൗതികരായ ആളുകളെ അല്ലാഹു അവരുടെ നിർബന്ധ കടമകളിലേക്ക് ശ്രദ്ധിപ്പിക്കുന്നതാണ്. അഹോ കഷ്ടം! നമ്മളും ലോകത്തുള്ള എല്ലാ ആളുകളും ഈ പ്രധാനസംഗതി മനസ്സിലാക്കുകയും നമ്മുടെ ദുൻയാവും പരലോകവും സുവർണമാക്കി തീർക്കുകയും ചെയ്തിരുന്നുവെങ്കിൽ!

കഴിഞ്ഞ ഒരു വർഷമായി നമ്മൾ ഒരു ഭയാനകമായ പകർച്ചവ്യാധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഒരു രാജ്യവും ഈ പകർച്ചവ്യാധിയുടെ പിടിയിൽനിന്ന് പുറത്തല്ല. ചിലയിടത്ത് കുറവും ചിലയിടത്ത് കൂടുതലും. പക്ഷേ, ലോകത്ത് അധികമാളുകളും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ചെലുത്താൻ ആഗ്രഹിക്കുന്നില്ലെന്നാണ് തോന്നുന്നത്. ഈ പകർച്ചവ്യാധി നമ്മെ നമ്മുടെ കടമകളിലേക്കും നിർബന്ധമായ കാര്യങ്ങളിലേക്കും ശ്രദ്ധ തിരിക്കാനല്ലേ അല്ലാഹുവിൽനിന്ന് വന്നിട്ടുള്ളത്. അല്ലാഹു നമ്മെ വിറപ്പിക്കാൻ ആഗ്രഹിക്കുന്നു, പറയാനാഗ്രഹിക്കുന്നു, ശ്രദ്ധിപ്പിക്കാനാഗ്രഹിക്കുന്നുവെന്നൊന്നും ഇവർ ചിന്തിക്കാനാഗ്രഹിക്കുന്നില്ല. ഇതിലേക്ക് ആരുടേയും ചിന്തയില്ല.

ഏതാനും മാസങ്ങൾക്ക് മുമ്പേ ഞാൻ ഒരു പാട് രാഷ്ട്ര നേതാക്കന്മാർക്ക് ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ചിട്ടുണ്ടായിരുന്നു. കോവിഡിനെ ഉദ്ധരിച്ചുകൊണ്ട് മനസ്സിലാക്കി കൊടുക്കാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഈ ആപത്ത് അല്ലാഹുവിനോടുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും മറക്കുമ്പോൾ, അവനിറവേറ്റാതിരിക്കുമ്പോൾ, അതുപോലെതന്നെ അക്രമം വർധിക്കുമ്പോൾ, അതുകാരണമാണ് ഉണ്ടാകുന്നതെന്ന് പറഞ്ഞ് ഈ ഭാഗത്തേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു; അതിനാൽ അതിലേക്ക് ശ്രദ്ധിക്കുക. ചില നേതാക്കന്മാർ മറുപടിയും നല്കിയിരുന്നു. പക്ഷേ, തങ്ങളും ഇതാഗ്രഹിക്കുന്നുവെന്ന് പറഞ്ഞുള്ള അവരുടെ മറുപടി തികച്ചും ഭൗതികമായിരുന്നു.(മതപരമായ കാര്യം പറയാതെ ഭൗതിക ദൃഷ്ടിയാൽ രസകരമല്ലാത്ത കാര്യങ്ങൾ പറഞ്ഞു. ഞാൻ പറഞ്ഞതിന് ഇടയിലുണ്ടായിരുന്ന അല്ലാഹുവിന്റെ ഏറ്റവും വലിയ കോളത്തെ സംബന്ധിച്ച് പരാമർശിച്ചതേയില്ല). അങ്ങനെതന്നയാണ് ഉണ്ടാകേണ്ടതെന്ന്. പക്ഷേ, അവർ തങ്ങളുടെ സ്വന്തം അവസ്ഥകൾ മാറ്റാൻ കർമപരമായ ചുവടു വെക്കാനാഗ്രഹിക്കുന്നില്ല.

ഈയാളുകൾ ജനതകളോടു സഹതാപമുള്ളവരായി യഥാർഥ ഉദ്ദേശ്യത്തിലേക്ക് അവരുടെ ശ്രദ്ധ തിരിക്കാനും ആഗ്രഹക്കുന്നില്ല. ഈ പകർച്ചവ്യാധിക്കുശേഷം ഉണ്ടാകുന്ന അതിന്റെ സ്വാധീനം വളരെ ഭയാനകമാണെന്ന് അറിഞ്ഞിട്ടും –ഇതു ലോകത്തിലെ എല്ലാ നേതാക്കന്മാർക്കും അറിയാം, എല്ലാ ബുദ്ധിമാന്മാർക്കും അറിയാം, എല്ലാ നിരീക്ഷകന്മാർക്കും അറിയാം–യഥാർഥ പരിഹാരത്തിലേക്ക് ശ്രദ്ധിക്കുന്നില്ല. ലോകത്തിന്റെ പരിശ്രമത്തിലേക്കുമാത്രമാണ് അവരുടെ ശ്രദ്ധ.

ഈ രോഗംകാരണം വ്യക്തിപരമായ രീതിയിൽ മാത്രമല്ല, ഒരോരാജ്യവും സാമ്പത്തിക നിലയിലും ബലഹീനരായികൊണ്ടിരിക്കുകയാണ്. ആരോഗ്യപരമായി ഉണ്ടാകേണ്ടത് എന്തായാലും ഉണ്ടായിക്കൊണ്ടിരിക്കുന്നവെന്നത് വേറെ കാര്യം. പക്ഷേ, ഇത് പൊതുവായ നിലയിൽ എല്ലാ ഓരോരുത്തരേയും സാമ്പത്തികമായി ബാധിക്കുന്നുണ്ട്. എന്നല്ല വലിയവലിയ സമ്പന്ന രാഷ്ട്രങ്ങളുടെ സമ്പത്തുകളുടേയും നടുവൊടിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതികരായവരുടെ പക്കൽ ഇതിന് ഒരേയൊരു പരിഹാരമാർഗമേളളൂ. ഇങ്ങനത്തെ അവസ്ഥകൾ ഉണ്ടാകുമ്പോൾ സാമ്പത്തികാവസ്ഥ തകരുമ്പോൾ, ചെറിയ രാഷ്ട്രങ്ങളുടെ സമ്പത്ത് കൈയേറുക, അവരെ എങ്ങനെയെങ്കിലും തങ്ങളുടെ വലയിൽ കുടുക്കുക. തങ്ങളുടെ വരുതിയിൽ കൊണ്ടുവരിക. പിന്നെ ഓരോന്നോരോന്ന് പറഞ്ഞ് അവരുടെ സമ്പത്ത് കൈവശപ്പെടുത്തുക. അതിനുവേണ്ടി ബ്ലോക്ക് ആകുകയും ആയിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ശീതസമരം വീണ്ടും തുടങ്ങുന്നതായിരിക്കും. ഒരു വിധത്തിൽ അത് തുടങ്ങിയിരിക്കുന്നുവെന്ന് ഇപ്പോൾ പറയാൻ തുടങ്ങിയിട്ടുണ്ട്. യഥാർഥ ആയുധങ്ങളുമായുള്ള യുദ്ധം ഉണ്ടാവുന്നതും വിദൂരമാണെന്ന് തോന്നുന്നില്ല. അതു വളരെ ഭയാനകമായ യുദ്ധമായിരിക്കും. പിന്നീട് ഇക്കൂട്ടർ മറ്റൊരു ആഴക്കിണറ്റിൽ വീഴുന്നതായിരിക്കും. ദരിദ്ര രാഷ്ട്രങ്ങൾ പണ്ടേ കുടുങ്ങി കിടക്കുകയാണ്. സമ്പന്നരാഷ്ട്രങ്ങളിലെ പൊതുജനങ്ങളും കുടുങ്ങുന്നതായിരിക്കും. വളരെ ഭയാനകമായ പരിധിയിൽ കുടുങ്ങുന്നതായിരിക്കും.

അതുകൊണ്ടു ലോകം ഈയൊരവസ്ഥയിലെത്തുന്നതിനുമുമ്പേ നമ്മൾ നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് ലോകത്തെ ജാഗ്രതപ്പെടുത്തേണ്ടതാണ്. ഈ വർഷം ആശംസകളുടെ വർഷമായിത്തീരണമെങ്കിൽ നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ ശരിയായ രീതിയിൽ നിറവേറ്റുന്നവരായി മാറേണ്ടതാണ്. ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക. ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുക. ഇതെല്ലാം ചെയ്യുന്നതിനുവേണ്ടി നമ്മൾ ആത്മപരിശോധന നടത്തേണ്ടിവരുമെന്നതും പ്രകടമാണ്. നമ്മൾ കാലത്തിന്റെ ഇമാം മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ്. മഹ്ദിയെ മഅ്ഹൂദിനെ വിശ്വസിച്ചവരാണ്. നമ്മുടെ അവസ്ഥ അങ്ങനെയായി കഴിഞ്ഞിട്ടുണ്ടോ? നമ്മൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിനോടൊപ്പം അല്ലാഹുവിനുവേണ്ടിമാത്രം അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നവരാണോ? ഇപ്പോൾ നമുക്ക് നമ്മുടെ പരിഷ്കരണം നടത്തുന്നതിനും പരസ്പരം പ്രീതിയുടേയും സ്നേഹത്തിന്റേയും വികാരങ്ങളെ അസാധാരണമായ നിലവരെ കൊണ്ടുവരേണ്ടുന്നതിനും ആവശ്യമുണ്ട്. തന്നിൽ എത്ര ഭാരിച്ച ഉത്തരവാദിത്വമാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നതെന്ന് ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. അത് പൂർത്തിയാക്കുന്നതിനുവേണ്ടി ആദ്യം തങ്ങൾക്കുള്ളിൽ സ്നേഹത്തിന്റേയും സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്; സ്വന്തം സമൂഹത്തിൽ, അഹ്മദി സമൂഹത്തിൽ! പിന്നെ ലോകത്തെ മുഹമ്മദ് നബി(സ) ഉയർത്തിയ ആ കൊടിക്കീഴിൽനമ്മൾ കൊണ്ടുവരേണ്ടതാണ്. അത് അല്ലാഹുവിന്റെ തൗഹീദിന്റെ കൊടിയാകുന്നു. അപ്പോൾ മാത്രമേ നമുക്ക് നമ്മുടെ ബയ്അത്തിന്റെ ലക്ഷ്യത്തിൽ വിജയിക്കാൻ സാധിക്കുകയുള്ളു. അപ്പോൾ മാത്രമെ നമുക്ക് ബയ്അത്തിന്റെ കടമകൾ നിറവേറ്റുന്നവരായിത്തീരാൻ കഴിയുകയുള്ളു. അപ്പോഴാണ് നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളായിത്തീരുന്നത്. അപ്പോഴാണ് നമ്മൾ മുബാറക്ബാദ് നല്കാനും വാങ്ങാനും അർഹരായിത്തീരുന്നത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഓരോ അഹ്മദിസ്ത്രീയും പുരുഷനും യുവാവും കുട്ടിയും വൃദ്ധനും ഈ കാര്യം മനസ്സിലാക്കിക്കൊണ്ട്, ഈ വർഷം ഞാൻ ലോകത്ത് ഒരു വിപ്ലവമുണ്ടാക്കുന്നതിനുവേണ്ടി എന്റെ എല്ലാകഴിവുകളും ഉപയോഗിക്കുന്നതാണെന്ന് ശപഥം ചെയ്യുക. അല്ലാഹു എല്ലാ ഒരോ അഹ്മദിക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇന്ന് പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും അതുപോലെതന്നെ അൽജീരിയയിലെ അഹ്മദികൾക്കുവേണ്ടിയും പ്രത്യേകമായി ദുആ ചെയ്യാൻ പറയുകയാണ്. പാകിസ്താനിലെ ചില സ്ഥലങ്ങളിൽ ചില മൗലവിമാരും സർക്കാർ ഉദ്യോഗസ്ഥന്മാരും അക്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. അല്ലാഹു ഇസ്‌ലാഹ് സാധ്യമല്ലാത്ത ആളുകളെ എത്രയും പെട്ടെന്ന് പിടികൂടുമാറാകട്ടെ. ആർക്ക് പരിഷ്കരണമുണ്ടാകണമെന്നും ആർക്ക് ഉണ്ടാകരുതെന്നും അല്ലാഹുവിന്നറിയാം. പരിഷ്കരണമുണ്ടാകാത്തവനെ പെട്ടെന്നു പിടിക്കുമാറാകട്ടെ. നബിനിന്ദാ നിയമം പറഞ്ഞ് ഈ ആളുകൾ അഹ്മദികളുടെമേൽ അക്രമം പ്രവർത്തിച്ചുവരികയാണ്. അഹ്മദികളുടെ സ്വന്തം ശിക്ഷണത്തിനുവേണ്ടിയുള്ള മാർഗങ്ങളുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് അല്ലാഹു അവരിൽനിന്ന് അകറ്റുകയും നമുക്ക് മോചനം നല്കുകയും ചെയ്യുമാറാകട്ടെ. യഥാർഥത്തിൽ റഹ്മത്തുല്ലിൽ ആലീമി(സ)ന്റെ നാമത്തെ മോശമാക്കുന്നവരാണിവർ. അഹ്മദി നബി(സ)തിരുമേനിയുടെ നുബുവ്വത്തിനുവേണ്ടി തങ്ങളുടെ ജീവൻ ബലിയർപ്പിക്കാൻ നടക്കുന്നവരാണ്. ഇന്ന് ലോകത്തെ മുഹമ്മദ് റസൂലുല്ലായുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിന് ഏറ്റവും കൂടുതൽ പണിയെടുക്കുന്നവർ എന്നല്ല യഥാർഥ ജോലി ചെയ്യുന്നവർ അഹ്മദികളാണ്. എന്നല്ല ആരെങ്കിലും ആ ജോലി ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദികൾ മാത്രമാണെന്നാണ് പറയേണ്ടത്.

അതിനാൽ, ലൗകികർക്ക് ഭൗതികഭരണത്തിന്റേയും സമ്പത്തിന്റേയും ഹുങ്കിൽ ഞങ്ങൾക്കുമേൽ അക്രമം ചെയ്യാൻ കഴിയും. പക്ഷേ, ഇതു ഓർമിച്ചു കൊള്ളുക. ഞങ്ങൾ നിഅ്മൽ മൗലാ വ നിഅ്മന്നസീർ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്. ആ അല്ലാഹു നിഅ്മൽ മൗലായാണ്. നിഅ്മന്നസീറാണ് തീർച്ചയായും അവന്റെ സഹായം വരുന്നതാണ്. തീർച്ചയായും വരുന്നതാണ്. അല്ലാഹുവിന്റെ സഹായവും തുണയും വരുന്ന നേരത്ത് ഈ ലൗകികരുടേയും തങ്ങളുടെ ഹുങ്കിൽ ശക്തവാന്മാരും കഴിവുള്ളവരുമാണെന്ന് കരുതുന്നവരുടേയും പൊടിപോലും കാണുകയില്ല. അതുകൊണ്ട് നമ്മുടെ ജോലി ദുആകൾ മുഖേന തങ്ങളുടെ ഇബാദത്തുകളെ കൂടുതൽ നന്നാക്കി തീർക്കുകയാണ്. നാം ഇത് ചെയ്യുകയാണെങ്കിൽ നമ്മൾ തന്നെയാണ് വിജയിക്കുക.

അൽജീരിയായെ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. എല്ലാവരേയും മോചിപ്പിച്ചിരിക്കുന്നു. അവിടെ ഒരു കോർട്ട്, ഒരു കോടതി എല്ലാവരേയും വെറുതെ വിട്ടിരുന്നു. മറ്റുള്ളവരേയും പേരിനുമാത്രം പിഴ ഇടുവിപ്പിച്ച് മോചിപ്പിച്ചു. പക്ഷേ, എന്നിട്ടും ഇപ്പോഴും കുറച്ചാളുകൾ ജയ്‌ലിൽ തടവുകാരായുണ്ട്. അവർക്കുവേണ്ടിയും പെട്ടെന്ന് മോചിതരാകാൻ ദുആ ചെയ്യുക. പാകിസ്താനിലെ തടവുകാരുടെ മോചനത്തിനായും ദുആ ചെയ്യുക. നമ്മുടെ സന്തോഷങ്ങൾ അത് നവവത്സരാരംഭത്തിന്റേതായാലും പെരുന്നാളിന്റേതായാലും യഥാർഥത്തിലുള്ളതാകുന്നത് ലോകത്തിന്റെ നാനാ ഭാഗത്തും നബി(സ)തിരുമേനി കൊണ്ടുവന്ന തൗഹീദിന്റെ പതാക നാട്ടുന്നവരാകുമ്പോഴാണ്. മനുഷ്യത്വം മാനുഷികമായ മൂല്യങ്ങളെ തിരിച്ചറിയുന്നവരാകുമ്പോഴാണ്. പരസ്പരമുള്ള വെറുപ്പുകൾ സ്നേഹമായി മാറുമ്പോഴാണ്. അല്ലാഹു ഈ സന്തോഷത്തിനുള്ള സാഹചര്യങ്ങളും നമുക്ക് എത്രയും പെട്ടെന്ന് ഉണ്ടാക്കിത്തരുമാറാകട്ടെ. വാഗ്ദത്ത മഹ്ദി മസീഹിനെ മനസ്സിലാക്കുന്നതിന് മുസ്‌ലിം ഉമ്മത്തിനും അല്ലാഹു ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹുവിന്റേയും അവന്റെ അടിയാറുകളുടേയും അവകാശങ്ങൾ നൽകുന്നതിനുവേണ്ടി ഈ ലോകത്തിനും അല്ലാഹു ബുദ്ധി നൽകുമാറാകട്ടെ. അല്ലാഹു എല്ലാ രാജ്യത്തുമുള്ള അഹ്മദികളുടേയും സഹായകനും സംരക്ഷകനുമായിത്തീരുമാറാകട്ടെ. ഈ വർഷം എല്ലാ അഹ്മദികൾക്കും എല്ലാ മനുഷ്യർക്കും കാരുണ്യവും അനുഗ്രഹവും നിദാനമാകുന്ന ഒരു വർഷമായി തീരുമാറാകട്ടെ. നമ്മളിൽ നിന്ന് അല്ലാഹുവിന്റെ നീരസത്തിന് കാരണമായിത്തീർന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് നമ്മെ മാറ്റി നിറുത്തിയതിന് കാരണമായിത്തീർന്നതുമായ കഴിഞ്ഞ വർഷമുണ്ടായ കുറവുകളും കുറ്റങ്ങളും നമുക്ക് പൊറുത്തുതരുമാറാകട്ടെ. അതിൽനിന്നെല്ലാം അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങളുടെയും സമ്മാനങ്ങളുടെയും അവകാശികളാക്കുമാറാകട്ടെ. നമ്മെ യഥാർഥ വിശ്വാസികളാക്കുമാറാകട്ടെ. അല്ലാഹു നമുക്ക് ദുആകൾക്കുള്ള തൗഫീഖും നൽകുമാറാകട്ടെ.(വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ്സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)




## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

**(വിശുദ്ധ ഖുർആൻ 3:148)**

## തിരുനബിയുടെ തിരുമൊഴികൾ:

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

**(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**(2019 ജൂലായ് 08 തിങ്കളാഴ്ച)**

(തുടർച്ച)

### ജോർജിയൻ സംഘത്തിന്റെ കൂടിക്കാഴ്ച

ഒരു പൊതുജന സേവന സംഘടനാ പ്രവർത്തകയായ വക്കീൽ മേരി പറയുന്നു: ഈ ജൽസയുടെ ലക്ഷ്യം സമാധാന സംസ്ഥാപനവും സഹവർത്തിത്വവും സാഹോദര്യ ബോധവും വളർത്തുക എന്നതുമാണ്. ഇതേ കാരണത്താലാണ് ഈ ജമാഅത്ത് മുന്നോട്ട് ഗമിക്കുന്നത്. ഇതര ജമാഅത്തുകളിൽ കാണപ്പെടാത്ത കാര്യങ്ങളാണിത്. ഈ ജമാഅത്തിനെ കഠിനാധ്വാനം ചെയ്യുന്നവരായും വിജയം പ്രാപ്തമാക്കിക്കൊണ്ടിരിക്കുന്നവരായും കാണാൻ കഴിയുന്നു.

ജോർജിയായിൽ നിന്നു വന്ന ഒരു അഹ്മദി അതിഥി പറയുന്നു: എനിക്ക് ജൽസയിൽ ധാരാളമാളുകളുമായി സംസാരിക്കാൻ അവസരം ലഭിച്ചിരുന്നു. എനിക്ക് ധാരാളം പുതിയ സ്നേഹിതരെ ലഭിച്ചതിൽ ഞാൻ വളരെ സന്തോഷവാനാണ്.

ഒരതിഥി പറയുന്നു: ഞാൻ ജോർജിയായിലെ ഒരു മുസ്ലിം കമ്യൂണിറ്റി അംഗമാണ്. അവിടുത്തെ ഇമാമുമാണ്. ഇവിടുത്തെ ഓരോ സംവിധാനവും വളരെ നല്ലതായിരുന്നു.

അപ്പോൾ ഹുദൂർ പറഞ്ഞു: ഇവിടെ ഒരു പോലീസുമുണ്ടായിരുന്നില്ല. ജനങ്ങൾ മനസ്സിലാക്കി വെച്ചിട്ടുള്ളത് മുസ്ലിമീങ്ങൾ കൂടുതൽ പേർ ഒരുമിച്ചു കൂടിയാൽ സമാധാനത്തോടെ ഒരുമിച്ചിരിക്കാൻ കഴിയില്ലെന്നാണ്. എന്നാലിവിടെ നാല്പതിനായിരം പേർ സമാധാനപരമായ രീതിയിലാണ് ഉപവിഷ്ഠരായിരുന്നത്.

അദ്ദേഹം പറഞ്ഞു: ജൽസയുടെ സംവിധാനങ്ങൾ ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. വളരെ നല്ല സംവിധാനമായിരുന്നു. എല്ലാവരും സഹോദരന്മാരെപോലെ കഴിയണമെന്നും സമാധാനവും ശാന്തിയും സമാധാനവും ഉണ്ടാകണമെന്നുമാണ് നമ്മുടെ ലക്ഷ്യം. ഇതിന്നു വേണ്ടി നാം പരിശ്രമിക്കുന്നു. അഹ്മദിയ്യാ സമൂഹം ഇതിന്നു വേണ്ടി പ്രവർത്തിക്കുന്നു.

ജോർജിയായിൽ നിന്നു വന്ന മറ്റൊരു വനിതാ വക്കീൽ സലോം(Salome) പറയുന്നു: വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള പ്രഭാഷകർ ഈ പരിപാടിയിൽ പങ്കെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്. ഒരു പ്രഭാഷകൻ ജോർജിയായിൽനിന്നുവന്ന രാഷ്ട്രീയ പ്രവർത്തകനായതിലും സന്തോഷമുണ്ട്. ഇപ്രകാരം ജോർജിയക്കും പ്രാതിനിധ്യമുണ്ടായി.

ഒരു വനിത: എന്റെ ചില സ്നേഹിതർ ഖലീഫത്തുൽ മസീഹ് നാലാമന്റെ ഗ്രന്ഥമായ ISLAM'S RESPONSE TO CONTEMPORARY ISSUES ന്റെ ജോർജിയൻ തർജമ ചെയ്യും. അതിന്നു ശേഷം ഒരു കോൺഫ്രൻസ് ചേർന്ന് ഈ ഗ്രന്ഥത്തെ പരിചയപ്പെടുത്തും. അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളേയും അധ്യാപനങ്ങളേയും കുറിച്ച് ചർച്ചയും ചെയ്യും.

ഒരു വനിത നാന കുർദിയാനി (Nana Kurdiani) സാഹിബ പറയുന്നു: ഞാൻ മുസ്ലിമോ ക്രിസ്ത്യാനിയോ അല്ല. എന്നാൽ ഈ ജൽസയിൽ പങ്കെടുത്തതിന്നു ശേഷം ഞാനെന്നെ ഇസ്ലാമിലേക്ക് ചാഞ്ഞു നില്ക്കുന്നതായാണ് കാണുന്നത്. എന്റെ മതത്തെ കുറിച്ച് തീരുമാനമെടുക്കാൻ ഞാൻ നിർബന്ധിതയായിരിക്കുന്നു.

മറ്റൊരു വനിത ഹുദൂറിന്റെ പ്രഭാഷണത്തെ പരാമർശിച്ചു കൊണ്ട് പറയുന്നു: ഹുദൂർ അൻവർ വളരെ വലിയ ധിഷണാശാലിയും വിശാലകാഴ്ചപ്പാടുള്ള വ്യക്തിത്വവുമാണ്. ദീർഘദർശിയുമാണ് അദ്ദേഹം. ഇതിന്നനുഗുണമായി അദ്ദേഹം തയ്യാറെടുപ്പ് നടത്തുന്നു.

ഒരു പൊതു പ്രവർത്തക സംവിധാനത്തിന്റെ ചെയർമാനായ ബെസ്സോ(Besso) സാഹിബ് പറയുന്നു: വളരെയധികം അഹ്മദികളുമായി സംസാരിക്കാൻ അവസരം ലഭിച്ചു. ഈ ജമാഅത്ത് എത്രമാത്രം മതപരമായ സാഹോദര്യം വെച്ചു പുലർത്തുന്നവരാണെന്നറിയാൻ എന്റെ ചർച്ചകളിൽ വിലയിരുത്താൻ ഞാൻ ശ്രമിച്ചു. ഇതിന്നുവേണ്ടി സംഭാഷണത്തിനിടയിൽ ഞാൻ പെട്ടെന്നെന്നെ മുസ്ലിമല്ലെന്നും ക്രിസ്ത്യാനിയാണെന്നുംവരെ അവതരിപ്പിച്ചിരുന്നു. എന്റെ മാറ്റം മനസ്സിലാക്കി അവർ തങ്ങളുടെ നിലപാടിൽ മാറ്റം വരുത്തുമെന്നുമാണ് ഞാൻ വിചാരിച്ചത്. രണ്ടു സാഹചര്യത്തിലും അഹ്മദി സ്നേഹിതർ ഒരേ സൽസ്വഭാവമാണ് പ്രകടിപ്പിച്ചത്. ഒരു തരത്തിലുമുള്ള വിദ്വേഷവും പ്രകടിപ്പിച്ചില്ല.

ജോർജിയ യൂണിവേഴ്സിറ്റിയിലെ 5 വിദ്യാർഥി വിദ്യാർഥിനികൾ ജർമൻ ജൽസയിൽ പങ്കെടുത്തിരുന്നു. ഈ വർഷവും അവർ പങ്കെടുത്തിരുന്നു. അവർ പറയുന്നു: രണ്ടാമതും സ്വന്തം കുടുംബത്തിലേക്ക് മടങ്ങി വന്നിരിക്കുന്നു എന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. കഴിഞ്ഞ വർഷം ഈ വിദ്യാർഥികൾ ജൽസ സാലാനയിൽ വന്നപ്പോൾ ഓരോരുത്തരും ഓരോ വിഷയങ്ങൾ തങ്ങൾക്കു വേണ്ടി തിരഞ്ഞെടുത്തിരുന്നു. അതു വിഷയവുമായി ബന്ധപ്പെട്ട് ഓരോരുത്തരും ഗവേഷണം ജൽസയിൽ നടത്തേണ്ടിയിരുന്നു. ഉദാഹരണമായി ഇസ്ലാമിൽ സ്ത്രീകളുടെ അവകാശങ്ങളും മറ്റും. ജൽസയിൽ നിന്നു മടങ്ങിയതിന്നുശേഷം ഇസ്ലാമിനെ സംബന്ധിച്ചുള്ള വിവിധ വിഷയങ്ങളെ സംബന്ധിച്ച് മുറബ്ബി സാഹിബിന്റെ സാന്നിധ്യത്തിൽ യൂണിവേഴ്സിറ്റിയിൾ ഒരു വിശദമായ പ്രോഗ്രാം യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ചിരുന്നു.

ജോർജിയയിൽ നിന്നുവന്ന ഒരതിഥി: ഞാൻ ഇറാനിൽ നിന്നുമാണ് വരുന്നത്. എന്റെ ബന്ധം ശിയ വിഭാഗവുമായിട്ടാണ്. ജൽസയിൽ ഖലീഫത്തുൽ മസീഹ് പറഞ്ഞതിനോടെല്ലാം ഞാൻ യോജിക്കുന്നു.

ഹുദൂർ അൻവർ: വിശുദ്ധ ഖുർആൻ പറയുന്നു: **ലാ ഇക്റാഹ ഫിദ്ദീൻ** മതത്തിൽ ഒരു വിധ ബലാൽക്കാരവുമില്ല. മുസ്ലിമീങ്ങൾ സമാധാന സമൂഹമാണ്. നമുക്കെല്ലാവർക്കും ഇസ്ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കാനുള്ള ബാധ്യതയുണ്ട്. എല്ലാ മതങ്ങളോടും ഒരേ കാര്യത്തിന്മേൽ ഐക്യപെടാനാണ് വിശുദ്ധ ഖുർആൻ നല്കുന്ന സന്ദേശം. **തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും** അതായത്, എല്ലാവർക്കുമിടയിലും സമ്മിശ്രമായ ഒരു കാര്യത്തിലേക്ക് വരിക, അത് ഉന്നതനായ ദൈവത്തിന്റെ അസ്തിത്വമാണ്.

ഇസ്ലാമിൽ 73 കക്ഷികളുണ്ട്. യഹൂദ സമൂഹത്തിലും വിവിധ വിഭാഗങ്ങളുണ്ട്. ശിയാക്കളുമുണ്ട്. ഇതിൽ മറ്റനേകം വിഭാഗങ്ങളുണ്ട്. ഇതുപോലെ മതങ്ങളും വിവിധ വിഭാഗങ്ങളായി പിരിഞ്ഞിട്ടുണ്ട്.

ആസ്ട്രേലിയായിൽ ഒരു സ്ഥലത്ത് ഒരു മീറ്റിംഗ് നടന്നു. അവിടെ ക്രൈസ്തവ ചർച്ചിലെ വ്യക്തികളുമായി ഇസ്ലാമിലെ ചില വിഭാഗങ്ങൾ സംസാരിച്ചിരുന്നു. അവരിൽ നിന്നൊരാൾ പറഞ്ഞു:ഞങ്ങൾ മൂന്ന് വിവിധ ചർച്ചുകളുടെ വ്യക്തികൾ ഇവിടെ ഇരിക്കുന്നു. ഇവിടെ ഞങ്ങളൊന്നാണ്. എന്നാൽ, പുറത്ത് പോയതിന്നു ശേഷം ഞങ്ങൾ വെവ്വേറെയായിരിക്കും. നിങ്ങൾ മാനുഷികമായ മൂല്യങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ പരസ്പരമുള്ള മൂല്യങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ ഉന്നതനായ ദൈവത്തേയും തിരിച്ചറിയാൻ സാധിക്കും.

ജോർജിയൻ അതിഥി: ഞാൻ ഹുദൂർഅൻവറിന്റെ ഇക്കാര്യത്തോട് യോജിക്കുന്നു.

ജോർജിയായിലെ ഒരമുസ്ലിം അതിഥി: ഏഷ്യൻ ജനങ്ങളോട് പ്രത്യേകിച്ചും മുസ്ലിമീങ്ങളോട് ഭയാവസ്ഥ നിലനില്ക്കുന്നു. ഇവിടെ ജനങ്ങൾ ഇത്രയധികം സമാധാനം പുലർത്തുന്നവരും ആതിഥേയത്വം നല്കുന്നവരുമാണെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. തിരക്കുള്ളപ്പോൾ പോലും ജനങ്ങൾ പരസ്പരം തള്ളുകയോ ബഹളം വെക്കുകയോ ചെയ്യുന്നത് കണ്ടില്ല. ഇതേ സൽസ്വഭാവത്തിന്റെ ഫലമായിട്ടാണ് നിങ്ങളുടെ ജമാഅത്ത് ഇത്രയധികം ശക്തമായിട്ടുള്ളത്.

ജോർജിയായിൽ നിന്നുള്ള ഒരു യൂണിവേഴ്സിറ്റി വിദ്യാർഥി ജോർജിയോ റഷാഡ്സെ(Georgio Rashwadze) ഒരു ഇമാമിന്റെ സഹോദര പുത്രനാണ്. ഇദ്ദേഹം കഴിഞ്ഞ ജൽസയിലും പങ്കെടുത്തിരുന്നു. ആ ഇമാം സാഹിബ് ജൽസയിൽനിന്നു മടങ്ങി വന്നതിനുശേഷം വീണ്ടും ജൽസയിൽ പങ്കെടുക്കാൻ പ്രത്യേകം ഉപദേശിച്ചു. ആ വിദ്യാർഥി പറയുന്നു: ഞാൻ ഒരു നാമമാത്ര മുസ്ലിമാണ്. എന്നാലിപ്പോൾ ജൽസയിൽ പങ്കെടുത്തതിന്നുശേഷം അഹ് മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സ്നേഹം ദർശിച്ചപ്പോൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് കൂടുതൽ വായിക്കുന്നതായിരിക്കും. ജൽസയിൽ ഇവരുടെ മൊബൈൽ കാണാതായിരുന്നു. അത് ഏതോ അഹ്മദിയുടെ കൈയിൽ കിട്ടി. പിന്നീടത് അവരുടെ കൈയിലെത്തുകയും ചെയ്തു. ഇത് അവരിൽ വളരെ ആകർഷണം ഉണ്ടാക്കി. എല്ലാ വിധത്തിലും അവർ ജൽസയെ ആസ്വദിച്ചു.

ജോർജിയായിൽ നിന്നുള്ള ഒരു വക്കീലും യൂണിവേഴ്സിറ്റി ലക്ചററുമായ ടെമർ ഷെൻഗലയ (Temor Shengelaya)ബയ്അത്തിന്റെ ചടങ്ങിനെ സംബന്ധിച്ച് ആവർത്തിച്ച് ഇങ്ങനെ പറയുന്നുണ്ടായിരുന്നു. ഇതൊരു വിസ്മയം ജനിപ്പിക്കുന്ന കാര്യമാണ്. ജമാഅത്തിൽ പ്രത്യക്ഷമായ സ്നേഹം വളരെയധികമാണ്. പ്രത്യേകിച്ചും എനിക്ക് കാണാൻ കഴിഞ്ഞൊരു കാര്യം നിങ്ങളുടെയെല്ലാം മുഖങ്ങൾ മന്ദസ്മിതമാണെന്നതാണ്.

ഒരതിഥി പറയുന്നു: ഞാനും ജോർജിയായിൽ ഒരു മസ്ജിദിലെ ഇമാമാണ്. ജോർജിയായിൽ വിവിധ ജനവിഭാഗങ്ങൾ വസിക്കുന്നുണ്ട്. അസർബയ്ജാനുമായിട്ടാണ് എന്റെ ബന്ധം. ഞങ്ങളുടെ ഇടയിലുള്ള ഇസ്ലാം ഇതരരിൽ നിന്നും വ്യത്യസ്തമാണ്. ഇസ്ലാം സമാധാനത്തിന്റേയും ശാന്തിയുടേയും മതമാണ്. ഇന്നത്തെ മുസ്ലിമീങ്ങളുടെ അവസ്ഥ വ്യക്തമാക്കിത്തരുന്നത് അഹ്മദികളുടെ വീക്ഷണത്തെ സ്വീകരിക്കണമെന്നാണ്. ഇക്കാലഘട്ടത്തിൽ റാഡിക്കലിസവും തീവ്രവാദവും പെരുകിയിരിക്കുന്നു. ഈ സാഹചര്യത്തിൽ അഹ്മദി

കൾ സംഘടിപ്പിക്കുന്ന കോൺഫ്രൻസുകളുടെ ആവശ്യകത വളരെ വർധിച്ചിരിക്കുന്നു എന്നാണ്. ഖലീഫത്തുൽ മസീഹിന്റെ എല്ലാ പ്രഭാഷണങ്ങളും ഞങ്ങളുൾ ശ്രവിച്ചു. ഖലീഫത്തുൽ മസീഹ് പറഞ്ഞ കാര്യങ്ങൾ മുഴുലോകത്തോടും പറയേണ്ടതുണ്ടെന്ന് ഞങ്ങൾക്ക് തോന്നി.

ഹുദൂർ അൻവർ: അല്ലാഹു മുഹമ്മദ് നബി(സ) തിരുമേനിക്ക് വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ അവതരിപ്പിച്ച ഇസ്‌ലാം മാത്രമേ നമുക്കറിയൂ. നബി(സ)തിരുമേനിയുടെ സുന്നത്തിലൂടെയും ഹദീഥുകളിലൂടെയും റിപ്പോർട്ടുകളിലൂടെയും സ്ഥാപിതമായ ഇസ്‌ലാമേ നമുക്ക് അറിയുകയുള്ളൂ. നമ്മുടെയടുക്കൽ യഥാർഥ ഇസ്‌ലാം ഇതുതന്നെയാണ്. ഇതിനെക്കൂടാതെ മറ്റൊരു ഇസ്‌ലാമില്ല. ബാക്കിയുള്ളത് ഹനഫി, മാലിക്കി, ശാഫി, ഹമ്പലി വിഭാഗങ്ങളാണ്. യഥാർഥത്തിൽ ഇസ്‌ലാം എന്നത്, ഒരു ദൈവം, ഒരു നബി, ഒരു ഖുർആന് അംഗീകരിക്കലും അതിന്റെ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കലുമാണ്. അല്ലാഹു സമ്പൂർണ ശരീഅത്ത് നൽകാൻ വേണ്ടിയാണ് നബി(സ)തിരുമേനിയെ അയച്ചത്. നബി(സ)തിരുമേനിയിൽ ഈ ശരീഅത്ത് പൂർണ്ണമായി. ശേഷം വന്ന ഒരു അന്ധകാര സമയത്താണ് വഴികേടുണ്ടായത്. പിന്നീട് നബി(സ)തിരുമേനിയുടെ ദീർഘദർനമനുസരിച്ച് നബി(സ)തിരുമേനിയുടെ സമ്പൂർണദാസനായിക്കൊണ്ട് ഈ അവസാന കാലത്തിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിനെ അല്ലാഹു നിയോഗിച്ചു. തദനുസരണമായി ഇസ്‌ലാമികാധ്യാപനത്തിന് നവജീവൻ ഉണ്ടാകാനും ദൈവത്തോടുള്ള കടമകൾ ഏതു വിധത്തിൽ നിർവഹിക്കണമെന്ന് ലോകത്തോട് പറയാനും. മസീഹ് മൗഊദ്(അ) ലോകത്തിന് ഇസ്‌ലാമിന്റെ അടിസ്ഥാനപരവും യഥാറർഥവുമായ അധ്യാപനമാണ് നല്കിയത്. ലോകം തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയട്ടെയെന്നാണ് നമ്മുടെ പ്രാർഥന. ജനങ്ങൾ പരസ്പരമുള്ള കടമകളും തിരിച്ചറിയട്ടെ.

ജോർജിയായിൽ ശിയാ, സുന്നി വിഭാഗങ്ങളും മറ്റും വളരെ സമാധാനത്തോടെയാണ് ജീവിക്കുന്നതെന്ന് ഞാന് കേട്ടിട്ടുണ്ട്. ജോർജിയായിൽ വിവിധ വിഭാഗങ്ങൾ ശാന്തിയോടെയാണ് ജീവിക്കുന്നതെന്നറിയുന്നതിൽ നമുക്ക് സന്തോഷമുണ്ട്.

ഒരു ചോദ്യത്തിന് മറുപടി നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നമുക്ക് ആരോടും ശത്രുതയോ വെറുപ്പോ ഇല്ല. നമ്മുടെ ഓരോ കാര്യവും തുറന്ന നിലയിലുള്ളതാണ്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്. എല്ലാവരോടും നമുക്ക് സ്നേഹമുണ്ട്. ഒരാളോടും പ്രതികാരം ചെയ്യാറില്ല. ഒരാൾക്കു വേണ്ടിയും തിന്മ ആഗ്രഹിക്കാറില്ല. ഒരാളേയും ബുദ്ധിമുട്ടിക്കാറില്ല. ഇക്കാര്യങ്ങളുണ്ടെങ്കിൽ സമൂഹത്തിൽ സമാധാനം നിലനില്ക്കും. എല്ലാവരും സമാധാനത്തോടെ ജീവിക്കും. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിക്കും. ഇത് കേവലം മനസ്സിലാക്കേണ്ട കാര്യമേയുള്ളൂ. നിങ്ങൾ സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ജോർജിയായിൽ സംഭവിക്കുന്നതുപോലെ ജീവിക്കാൻ കഴിയും. ജോർജിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 05.12 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം ലഭിച്ചു.

### അൽബേനിയൻ സംഘത്തിന്റെ കൂടിക്കാഴ്ച

അൽബേനിയ എന്ന രാജ്യത്തിൽ നിന്നു വന്ന 26 പേരടങ്ങുന്ന സംഘത്തിന് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ തുടർന്ന് അവസരം ലഭിച്ചു. രണ്ടായിരം കിലോമീറ്റർ ബസ് മാർ ഗം യാത്ര ചെയ്താണ് ഇവരെത്തിയത്. 14 പുരുഷന്മാരും 12 വനിതകളുമുള്ള ഈ സംഘത്തിൽ എട്ടുപേർ അഹ്മദികളും മറ്റുള്ളവർ അനുഭാവികളുമാണ്. ഇവരിൽ 2 പേർക്ക് ഇവിടെ നടന്ന ബയ്അത്ത് ചടങ്ങിൽ ബയ്അത്ത് ചെയ്യാൻ സാധിച്ചു.

ആദ്യം എല്ലാ അതിഥികളും സ്വയം പരിചയപ്പെടുത്തി.

പെല്ലുമ്പ് ബേജ(Pellumb Beja) എന്ന നവഅഹ്മദിയോട് ഹുദൂർ ബയ്അത്ത് ചെയ്യാനുണ്ടായ കാരണത്തെ കുറിച്ച് ചോദിച്ചു. അദ്ദേഹം ഇപ്രകാരം മറുപടി നല്കി:

ഞാൻ ഹുദൂറിന്റെ കൈയിലാണ് ബയ്അത്ത് ചെയ്തത്. ജമാഅത്തിൽ പ്രവേശിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. അതിന്ന് അല്ലാഹുവിന് അളവറ്റ നന്ദി പറയുന്നു. സംശയത്തിൽനിന്ന് ദൃഢതയിലേക്കും അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കുമുള്ള യാത്രയാണ് അഹ്മദിയാകാൻ എന്നെ തുണച്ചത്. ഉന്നതനായ അല്ലാഹുവിനെ സീമാതീതമായി ഞാൻ പുകഴ്ത്തുന്നു. ഒരു വർഷം മുമ്പേ ഞാൻ ഈമാനിൽ നിന്നു ശൂന്യമായിരുന്നു. ഈ വർഷം അല്ലാഹു എനിക്ക് വിശ്വാസത്തിന്റെ സമ്പത്ത് നല്കി അനുഗ്രഹിച്ചു. എന്റെ ജനനവും പരിപാലനവും പൂർണമായും നിർമതത്വ ചുറ്റുപാടിലായിരുന്നു. എന്നാൽ അല്ലാഹു ജൽസസാലാനയിൽ പങ്കെടുക്കാനും ഹുദൂറിനെ കൂടിക്കാഴ്ച ചെയ്യാനും തുണച്ചതു കാരണത്താൽ എനിക്ക് ഈമാൻ പ്രാപ്തമായി.

ഒരതിഥി ബസിം ജോസി(Besim Gjozi) പറയുന്നു: ഞാൻ ഒരു ദിവസം മുമ്പേയാണ് അതായത് ജൽസയുടെ അവസാന ദിവസമാണ് അഹമദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. ഇതിൽ ഞാൻ അല്ലാഹുവോട് വളരെ നന്ദിയുള്ളവനാണ്. ഞാൻ പ്രവർത്തനപരമായി ഒരു മുസ്‌ലിമല്ലായിരുന്നു. ഇസ്‌ലാമിന്റെ എല്ലാ കല്പനകളും അനുസരിച്ച് കണിശമായും ജീവിക്കുന്നതാണെന്ന് ഇന്നലെ ഞാൻ അല്ലാഹുവോട് കരാർ ചെയ്തു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ അംഗമായിരിക്കുന്നു.

ഹുദൂർ അൻവർ: ഉന്നതനായ ദൈവം സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ.

ഒരു അതിഥി സിനാന് ബ്രഷനാജ്(Sinan Breshana) പറയുന്നു: ഏതാനും വർഷം മുമ്പേ എനിക്ക് ഹുദൂറിനെ കാണാൻ സാധിച്ചതാണ് ജമാഅത്തിൽ പ്രവേശിക്കാൻ എന്നെ തുണച്ചത്. അതിന്നുശേഷം ഞാൻ എല്ലാ വർഷവും ജർമൻ ജൽസയിൽ പങ്കെടുക്കുന്നു. ഏതാനും വർഷം മുമ്പേ ഞാനെന്റെ ചെറുമക്കൾക്കു വേണ്ടി ഹുദൂറിനോട് ദുആക്കപേക്ഷിച്ചിരുന്നു. വീട്ടിൽ തിരിച്ചെത്തുന്നതിന്നു മുമ്പേ തന്നെ അവർക്ക് അല്ലാഹു സ്കോളർഷിപ്പ് കിട്ടാനുള്ള സൗകര്യം ഒരുക്കിയിരുന്നു. ഇതെനിക്ക് വിശ്വാസ വർധനവിന് കാരണമായി.

ഒരു അഹ്മദി സ്നേഹിതൻ ബേകിം ബികി സാഹിബ് (Bekim Bici) പറയുന്നു: 2004- ലാണ് ഞാൻ ബയ്അത്ത് ചെയ്തത്. ജേർണലിസത്തിൽ ഗ്രാജ്വേഷൻ ഉന്നത വിജയത്തോടെ കരസ്ഥമാക്കാൻ സാധിച്ചു. 2016-ൽ ഇതു വിഷയകമായി ഹുദൂറിന്റെ അനുഗൃഹീത കരങ്ങളിൽനിന്ന് മെഡലും ലഭിച്ചിരുന്നു. ഇതിന്നു ശേഷം അൽബേനിയയിൽ ചില ഓൺ ലൈൻ പത്രങ്ങളിൽ എഡിറ്ററായും ജോലി ചെയ്തു. കഴിഞ്ഞ വർഷം ജർമൻ ജൽസയിൽ പങ്കെടുക്കാൻവേണ്ടി ലീവ് ചോദിച്ചപ്പോൾ അനുവാദം തന്നില്ല. ഇതിനാൽ ഞാൻ ആ ജോലി രാജിവെച്ചു. കാരണം എനിക്ക് ഈ ജൽസയിൽനിന്നു വിട്ടു നില്ക്കുക സാധ്യമല്ലായിരുന്നു. അതേ ദിവസം തന്നെ അല്ലാഹു എനിക്ക് മറ്റൊരു മീഡിയ കമ്പനിയിൽ ജോലി തന്നു. അവിടെ എന്റെ നിബന്ധന പാലിച്ചുകൊണ്ട് ജൽസയിൽ പങ്കെടുത്ത് വന്നിട്ട് ജോലിയിൽ പ്രവേശിക്കാനുള്ള അനുമതിയും ലഭിച്ചു. ഇതേപോലെ തന്നെ ഈ വർഷവും 4 മാസമായി ഒരു ഓൺലൈൻ പത്രത്തിൽ ജോലി ചെയ്യുകയായിരുന്നു. കമ്പനി നിയമമനുസരിച്ച് 6 മാസത്തിൽ ലീവെടുക്കാൻ അനുമതിയില്ലായിരുന്നു. എന്നിട്ടും ജൽസക്കു വേണ്ടി ഞാൻ അനുമതി ചോദിച്ചപ്പോൾ നല്കിയില്ല. ആ ജോലിയും ഞാൻ രാജിവെച്ചു. അതേ ദിവസം തന്നെ 3 കമ്പനികളിൽ നിന്നു എനിക്ക് ക്ഷണം ലഭിച്ചു. എന്റെ നിബന്ധന പാലിച്ച ഒരു കമ്പിനിയിൽ ജൽസയിൽ പങ്കെടുത്ത് വന്നതിന്നു ശേഷം ഞാൻ ജോലിയിൽ പ്രവേശിച്ചു. ഇനി ജൂലായ് 16 മുതൽ പുതിയ ജോലിയിൽ പ്രവേശിക്കാൻ പോകുകയാണ്.

ഹുദൂർ അൻവർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.(തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 10ൽനിന്ന്)

രംതന്നെ കുട്ടികളുണ്ടാകുന്നില്ലെങ്കിൽ കുടുംബത്തിൽ ഒട്ടനവധി ബഹളങ്ങളും ഗുസ്തിയും കൊലപാതകത്തിന്റെവരെ അവസ്ഥയുമുണ്ടാകുന്നു. അപ്പോൾ അനിവാര്യമായ ഒരു കാര്യം അവൻ ഒന്നിലധികം വിവാഹം കഴിച്ച് സന്താനങ്ങൾക്ക് ജന്മം നല്കുക എന്നതാണ്. എന്നല്ല അത്തരം പരിതഃസ്ഥിതിയിൽ നല്ലവരും മാന്യരുമായ ഭാര്യമാർതന്നെ സ്വയം വിവാഹത്തിന് അനുവാദം നല്കാറുണ്ട്. ചുരുക്കത്തിൽ എത്രത്തോളം ചിന്തിക്കുമോ ഈ പ്രശ്നം തെളിമയാർന്നതും തിളങ്ങുന്നതുമായി കാണാൻ കഴിയും. ഈ പ്രശ്നത്തിൽ വിമർശനം നടത്താൻ ക്രിസ്ത്യാനികൾക്ക് അവകാശമില്ല. എന്തുകൊണ്ടെന്നാൽ അവരുടെ അംഗീകരിക്കപ്പെട്ട നബിയും മുൽഹമും എന്നല്ല ഹദ്റത്ത് ഈസാ മസീഹിന്റെ പൂർവപിതാക്കളും എഴുന്നൂർ, എഴുന്നൂറും മുന്നൂർ മുന്നൂറും വിവാഹം കഴിച്ചിരുന്നു. അവർ കുഴപ്പക്കാരും കുറ്റാക്കാരുമാണെന്ന് ഇവർ പറയുകയാണെങ്കിൽ അതിന് മറുപടി പറയുക എന്നത് അവർക്ക് ദുഷ്കരമായിരിക്കും. അവരുടെ വെളിപാട് ദൈവത്തിന്റെ വെളിപാടാകുന്നതെങ്ങനെ?

അപ്രകാരംതന്നെ രണ്ടാമത്തെ പ്രശ്നമായ അടിമത്വത്തിന്മേലും ജിഹാദിന്മേലുമുള്ള അവരുടെ ആക്ഷേപവും ശരിയല്ല. കാരണം തൗറാത്തിൽ യുദ്ധങ്ങളുടെ ദീർഘമായ പരമ്പരതന്നെ നടന്നതായുണ്ട്. വാസ്തവത്തിൽ ഇസ്‌ലാമിക യുദ്ധങ്ങൾ പ്രതിരോധയുദ്ധങ്ങളായിരുന്നു. കേവലം 10 വർഷംകൊണ്ട് അത് അവസാനിക്കുകയും ചെയ്തു. ഞാൻ പറഞ്ഞ പ്രശ്നങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽനിന്ന് എടുത്തുകാണിക്കാൻ കഴിയുമെന്ന് ഞാൻ വാദത്തോടെ പറയുകയാണ്. അപ്രകാരം തന്നെ സകല സത്യങ്ങളും വിശുദ്ധഖുർആനിലുണ്ടെന്നും ഞാൻ വാദത്തോടെ പറയുന്നു. ഏതെങ്കിലും വാദി അത് ഖുർആനിലില്ലെന്ന് പറഞ്ഞ് അത്തരം സത്യം സമർപ്പിക്കുകയാണെങ്കിൽ അതു ഞാൻ ഖുർആനിൽനിന്ന് എടുത്തുകാണിക്കാൻ തയ്യാറാണ്. ഇസ്‌ലാമിക ന്യായപ്രമാണം രണ്ടു പ്രശ്നങ്ങളെടുത്തിട്ടുണ്ട്. അത് സ്വാഭാവികവും പ്രകൃതിപരവുമായ നിലയിൽ മനുഷ്യനു ആവശ്യപ്പെട്ടതാണ്. അത് എല്ലാ വശത്തൂടേയും ശക്തികളുടെ ശിക്ഷണത്തിന്നായിട്ടുള്ളതാണ്. അവയുടെമേൽ ഒരു ആക്ഷേപത്തിനും ഇടയില്ല. അതേ! അന്യമതങ്ങളുടെ മേലുള്ള ഇസ്‌ലാമിന്റെ ആക്ഷേപത്തിന് മറുപടി നല്കാൻ അവർക്കു കഴിയുകയില്ല. (മൽഫൂദാത്ത് വാല്യം 1, പേജ് 258, പ്രസാധകർ ഖാദിയാൻ 2018)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 18 February 2021 Issue-7

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

ഒരു മുറിയുണ്ടായിരുന്നു. അതിൽ കയറി. ആ ദിനങ്ങളിൽ ഗുരുദാസ്പൂർ ജില്ലയിലെ മിക്ക റോഡുകളിലും കൊള്ള സംഭവങ്ങളുമുണ്ടാകുമായിരുന്നു. തീപെട്ടി കത്തിച്ചുനോക്കിയപ്പോൾ മുറി കാലിയായിരുന്നു. അതിൽ രണ്ടുമൂന്നു കല്ലുമുണ്ടായിരുന്നു. ഓരോരുത്തരും ഓരോന്ന് തലയ്ക്കുവെച്ചു. തറയിലുറങ്ങി. കുറച്ചുനേരത്തിനുശേഷം കണ്ണുതുറന്നപ്പോൾ നക്ഷത്രങ്ങൾ ഉദിച്ചിരുന്നു. ആകാശം തെളിഞ്ഞിരുന്നു. കാർമേഘത്തിന്റേയും പൊടിക്കാറ്റിന്റേയും പേരും അടയാളവുംപോലും ഉണ്ടായിരുന്നില്ല. അങ്ങനെ വീണ്ടും യാത്ര തുടർന്നു. ഭക്ഷണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തീൻമേശയിൽ കഴിച്ചു. രാവിലെ ഹദ്റത്ത് അഖ്ദസിനോടൊപ്പം ഗ്രഹണ നമസ്കാരം നമസ്കരിച്ചു. അത് മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി മസ്ജിദ് മുബാറക്കിന്റെ തട്ടിൻപുറത്താണ് നമസ്കരിപ്പിച്ചത്. ഏകദേശം മൂന്ന് മണിക്കൂർ ഈ നമസ്കാരം തുടങ്ങിയവ നീണ്ടുനിന്നു. (നമസ്കാരം, ഖുത്ബ തുടങ്ങിയവ) ഒരുപാട് സ്നേഹിതന്മാർ കണ്ണാടിയിൽ മഷി പുരട്ടിയിരുന്നു. അതിൽ അവർ ഗ്രഹണം നോക്കുന്നതിൽ മുഴുകിയിരുന്നു. ഇപ്പോൾ നേരിയ നിലയിൽ കണ്ണാടിയിൽ കണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിനോടു ആരോ പറഞ്ഞു. ഗ്രഹണം തുടങ്ങിയിരിക്കുന്നുവെന്ന്. അവിടന്ന് ആ കണ്ണാടിയിലൂടെ നോക്കികണ്ടു. അങ്ങേയറ്റം നേർത്ത കറുപ്പ് കണ്ടു. അതായത് നേർത്തഗ്രഹണം തുടങ്ങിയിരുന്നു. ഹുദൂർ പറഞ്ഞു. 'ഈ ഗ്രഹണം നാം കണ്ടിരിക്കുന്നു. എന്നാൽ, ഇത് എത്രമാത്രം നേർത്തതാണെന്നാൽ, സാധാരണക്കാരന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കും. ഇപ്രകാരം ഒരു മഹത്തായ പ്രവചനത്തിന്റെ അടയാളം സംശയകരമാകും.' ഹുദൂർ(അ) പല പ്രാവശ്യം ഇതു പറഞ്ഞു. പക്ഷേ, അല്പം കഴിഞ്ഞപ്പോൾ സൂര്യനിലുണ്ടായ കറുപ്പ്, ഗ്രഹണം വലുതാകാൻ തുടങ്ങി. സൂര്യന്റെ അധികഭാഗവും മറഞ്ഞുപോയി. അപ്പോൾ ഹുദൂർ(അ) പറഞ്ഞു: 'നാം ഇന്ന് സ്വപ്നത്തിൽ ഉള്ളി സ്വപ്നം കണ്ടിരുന്നു. അതിന്റെ വ്യാഖ്യാനം ദുഃഖമാണ്. അതിനാൽ തുടക്കത്തിൽ കറുപ്പ് നേർത്തതായി കണ്ടപ്പോൾ അല്പം ദുഃഖമുണ്ടായിരുന്നു. പക്ഷേ, അല്ലാഹു സന്തോഷം കാണിച്ചു." (ഖുത്ബ ജുമുഅ, ഖലീഫത്തുൽ മസീഹ് ഖാമിസ്, 2015 മാർച്ച് 20)

അല്ലാഹു തന്റെ മസീഹിനേയും മഹ്ദിയേയും സഹായിച്ചും പിന്തുണച്ചും അടയാളം വെളിപ്പെടുത്തി. അങ്ങനെ സത്യസാക്ഷ്യം വിളംബരപ്പെടുത്തിയതോടൊപ്പം ജമാഅത്തംഗങ്ങൾക്ക് പുതിയൊരു ആവേശവും പുതിയൊരു വിശ്വാസവും പുതിയൊരു സന്തോഷവും പ്രദാനം ചെയ്തു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യജമാനന്റെ ഈ കൃപാതിരേകത്തിനും ഔദാര്യത്തിനും നന്ദിപ്രകടനത്തിന്റെ വികാരത്താൽ അറബിയിൽ പല കവിതകളുമെഴുതി. ഒരു കവിതയുടെ ആരംഭത്തിലെ കുറച്ച് വരികളുടെ വരികൾ താഴെ സമർപിക്കുന്നു. അവിടന്ന് പറയുന്നു:

*ബുശ്റാ ലക്കും യാ മഅ്ശറൽ ഇഖ്വാനി*
*തൂബാലക്കും യാ മജ്മഅൽ ഖുല്ലാനി*

ജമാഅത്തിലെ സഹോദരങ്ങളേ! നിങ്ങൾക്ക് സുവാർത്ത. ജമാഅത്തിലെ സുഹൃത്തുക്കളേ! നിങ്ങൾക്ക് ആശംസകൾ

*ളഹറത്ത് ബുറൂഖു യിനായത്തിൽ ഹന്നാനി*
*വബദസ്സ്വിറാത്തു ലിമൻ ലഹുൽഅയ്നാനീ*

അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തിളക്കം പ്രകടമായി. അതു രണ്ടു കണ്ണുള്ളവന് വഴി തുറന്നിരിക്കുന്നു.

*അന്നയ്യിറാനീ ബി ഹാദിഹിൽ ബുൽദാനീ*
*ഖുസിഫാ ബിഇദ്നില്ലാഹി ഫീ റമളാനീ*

സൂര്യനും ചന്ദ്രനും ഈ രാജ്യങ്ങളിൽ അല്ലാഹുവിന്റെ കല്പനയാൽ ഗ്രഹണമുണ്ടായി.

*വ ബിശാറത്തുൻ മിൻ സയ്യിദിൻ ഖയ്രിൽവറാ*
*ളഹറത്ത് മുത്വഹ്ഹറത്തൻ മിനൽ അദ്റാനീ*

നബി(സ)തിരുമേനിയുടെ ഈ സുവാർത്ത ഒരുവിധ അഴുക്കുമില്ലാത്തവിധം പലിശുദ്ധമായ നിലയിൽ വെളിപ്പെട്ടു.

*അൽയൗമ യൗമുൻ ഫീഹി*
*ഹസ്ഹസ്വ സ്വിദ്ഖുനാ*
*ഖദ് മാത്ത കുല്ലുമകദ്ദിബിൻ ഫത്താനി*

ഇന്ന് നമ്മുടെ സത്യം വെളിപ്പെട്ട ദിവസമാണ്. ഫിത്നക്കാരായ എല്ലാ ഓരോരുത്തരും മൃതരായിപോയി.

*അൽയൗമ യബ്ക്കീ കുല്ലു അഹ്ലി ബസ്വീറത്തിൻ മുത്തദക്കിറൻ ലി മാറാഹിമിർറഹ്മാനീ*

ഇന്ന് ഉൾക്കാഴ്ചയുള്ള എല്ലാ ഓരോരുത്തരും കരയുകയാണ്. അല്ലാഹുവിന്റെ കാരുണ്യത്തെകുറിച്ചുള്ള ഓർമയാണ് അതിനു കാരണം.

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 1ൽനിന്ന്)**

ദനീയമല്ലാത്ത സ്നേഹം അവരിൽ അതിജയിച്ചു. അല്ലെങ്കിൽ അവർ വിവാഹങ്ങളിൽ സൂക്ഷ്മതയോടെ പ്രവർത്തിച്ചില്ല. ഇസ്ലാമികമായ തർബിയ്യത്ത് നല്കാൻ പ്രാപ്തരായ സ്ത്രീകളെ വീട്ടിൽ കൊണ്ടുവന്നില്ല. നബി(സ) തിരുമേനിയുടെ സ്വഹാബത്തിന്റെ കൈകളാൽ തയ്യാറക്കപ്പെട്ട ആ മഹത്തായ കെട്ടിടം അതിന്റെ അടിത്തറകളിൽ നിലംപൊത്തിവീണു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹു ഇസ്ലാമിന്റെ അഭിവൃദ്ധിക്കുവേണ്ടി തിരഞ്ഞെടുത്ത ആ ജനത ഭാവിയിലെങ്കിലും ഇക്കാര്യം ശ്രദ്ധിക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് ഒരു വമ്പിച്ച മാറ്റം ഉണ്ടാകാവുന്നതാണ്. നബി(സ)തിരുമേനിയും ആ നിർബന്ധ കടമയിലേക്ക് ഈ വാക്കുകളിൽ സൂചന നല്കുകയുണ്ടായി. *കുല്ലുക്കും റായിൻ കുല്ലുക്കും മസ്ഊലുൻ അൻർറഅ്യത്തിഹീ* നിങ്ങളിൽ എല്ലാ ഓരോരുത്തരും സ്വന്തം ഉത്തരവാദിത്വത്തിനുപുറമെ മറ്റു ചില ആളുകളുടേയും ഉത്തരവാദികളാണ്. അല്ലാഹു അവനോടു നീ എന്തു കർമമാണ് ചെയ്തതെന്ന് മാത്രമല്ല ചോദിക്കുന്നത്. പ്രത്യുത ആരുടെ ഉത്തരവാദിത്വമാണോ നിനക്കേല്പിക്കപ്പെട്ടത് അവരെ നീ എങ്ങനെയുള്ളവരാക്കിയെന്നും ചോദിക്കുന്നതാണ്. അതിനാൽ സ്വന്തം ആത്മാവിന്റെ പരിശുദ്ധി മനുഷ്യന് പ്രയോജനപ്പെടുകയില്ല. **(തഫ്സീറെ കബീർ, വാള്യം 3,പേജ് 41–42, പ്രസാധകർ ഖാദിയാൻ 2010)**

# അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളബംരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്ന പോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽ നിന്നും മറ്റു വിപത്തുകളിൽനിന്നും ബു ദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. (മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

## ഹദീഥുന്നബ്വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**
**(തിർമുദി, അബ്വാബുദ്ദഅ്വാത്ത്)**

**ത്വാലിബെ ദുആ**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin